# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2026 ജനുവരി 8 | ദീപം 58 | നാളം 43 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# വരിക പുതുവർഷമേ ശാന്തിമന്ത്രവുമായി...




**രാജീവ് എസ്. അങ്ങാടിക്കൽ**


ഒരു കൊഴിയലും ഒരു വിടരലും. കള്ളികൾ വരച്ച് കലണ്ടറിൽ അടയാളപ്പെടുത്തിയ ഒരു നിശ്ചിതകാലത്തിന്റെ അവസാനം. അതേപോലെ കള്ളികളിൽ ഒതുക്കപ്പെട്ട ഒരു കാലത്തിന്റെ തുടക്കം. മുന്നും പിന്നുമായി എത്രയോ നേരത്തിനിടയ്ക്കുനിന്ന് നാം വേലികെട്ടിയെടുത്തു കുറിച്ചു സൂചിപ്പിക്കുന്ന കുറച്ചുകാലം. നാമൊരുക്കിയ കലണ്ടറിന്റെ അവസാനതാൾ മറിയുംവരെയെങ്കിലും ജീവിച്ചിരിക്കുമെന്ന് ഉറപ്പില്ലാത്ത നമ്മൾ ഇന്നുവരെ തുടർന്നു എന്നേ അർത്ഥമുള്ളൂ. ഒരു പുതുവർഷം പിറക്കുകയാണ്. എല്ലാത്തരം നിരാശാഭരിതമായ ചിന്തകളെയും മാറ്റിവച്ച് അവികലമായൊരു ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങളും പദ്ധതികളും ഉദ്ഘോഷിക്കേണ്ടതിനു പകരം ഇങ്ങനെയൊരു ചിന്തയാണോ തുടക്കത്തിൽ അവതരിപ്പിക്കേണ്ടതെന്ന ചിന്തയുണ്ടാവാം. സത്യത്തിൽനിന്നാണ് തുടങ്ങേണ്ടതെങ്കിൽ ഇങ്ങനെയേ തുടങ്ങാനാവൂ.

ഇങ്ങനെ തുടങ്ങിയാലും എങ്ങനെ തുടങ്ങിയാലും ആഘോഷങ്ങളുടെ അയാഥാർത്ഥ്യങ്ങളിലും ആഡംബരങ്ങളുടെ അതിപ്രസരത്തിലും മതിമറന്നുപോവുന്ന ഓരോ മനുഷ്യനും അവന്റെ ചിന്തകളിൽനിന്നു വിട്ടുപോകാൻ പാടില്ലാത്ത യാഥാർത്ഥ്യമാണിത്. അതുകൊണ്ടുതന്നെ സത്യത്തിന്റെ ഈ തറയിൽ കാലുറപ്പിച്ചുനിന്നുകൊണ്ടുവേണം പുതിയ സ്വപ്നങ്ങളും പുതിയ പദ്ധതികളും ആലോചിക്കാനും ആസൂത്രണം ചെയ്യാനും നടപ്പിൽ വരുത്താനും എന്നതുകൊണ്ട് ഓർമിപ്പിച്ചു എന്നു മാത്രം.

കലണ്ടറിൽ ഒരക്കം മാറുമ്പോഴേക്കും ആ മാറ്റംപോലെ സത്വരപരിവർത്തനോന്മുഖമല്ല ജീവിതം. ഇന്നലെവരെയുണ്ടായ ജീവിതത്തിൽനിന്ന്; കലണ്ടറിന്റെ ഒരു താൾ തിരിച്ചിടുന്നപോലെ അനായാസം മാറ്റിത്തീർക്കാവുന്ന ഒന്നല്ല നാളത്തെ തുടർച്ചകൾ. ഒരു പുതുവർഷാരംഭത്തിൽ പറയാൻ കൊള്ളാവുന്ന വർത്തമാനങ്ങളാണോ ഇതൊക്കെയെന്നു തോന്നാം. ആണ് എന്നാണ് എന്റെ പക്ഷം. കാരണം, അർത്ഥവത്തായി ജീവിക്കുക എന്നതിന് കയ്പേറിയ, നെറ്റിചുളിക്കാവുന്ന യാഥാർത്ഥ്യത്തെ നേരിടേണ്ടതും അഭിമുഖീകരിക്കേണ്ടതുമുണ്ട്. കേവലമായ; നാളെ എല്ലാം നന്നായിക്കോളും എന്ന അടിസ്ഥാനരഹിതമായ ആശ്വാസങ്ങളിലും വിശ്വാസങ്ങളിലും ഒരു നല്ല നാളെയും പിറന്നിട്ടില്ല, അതിന് അതികഠിനവും കയ്പേറിയതുമായ തീരുമാനങ്ങളും ഉപേക്ഷിക്കലും കൂട്ടിച്ചേർക്കലുകളും ആവശ്യമാണ്.

പറഞ്ഞുവന്നത് പുതുവർഷാരംഭത്തിൽ അർത്ഥവത്തായ ജീവിതപരിവർത്തനത്തിന് ആരംഭം കുറിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അത് ഗൗരവപൂർണമായ ഒരു മനസ്സിലാക്കലോടെ വേണം എന്ന് ഓർമിപ്പിക്കാനാണ്. നല്ല കുടിയൻ തന്റെ അഭ്യുദയകാംക്ഷികളുടെ – ഭാര്യയായാലും മക്കളായാലും പുരോഹിതരായാലും മാതാപിതാക്കളായാലും – തലയിൽ കൈവച്ച് നാളെ മുതൽ കുടിക്കില്ലെന്നു സത്യം ചെയ്യുകയും നാളേക്കുപോലും ആ സത്യം നടപ്പിൽ വരാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്നപോലത്തെ ആഗ്രഹപ്രകടനംകൊണ്ട് ജീവിതത്തിൽ ഒന്നും സംഭവിക്കുകയില്ല. എന്റെ യാഥാർത്ഥ്യം ഇതാണെന്നും ലോകഗതി ഇന്നതാണെന്നും വസ്തുനിഷ്ഠമായ ഒരു മനസ്സിലാക്കൽ ആദ്യംതന്നെ രൂപപ്പെടുത്തുകയും അതിനനുസരിച്ച് നാളെകൾ ഡിസൈൻ ചെയ്യുകയും വേണം.

സത്യത്തിൽ ചിട്ടപ്പടി ഒരു പട്ടിക നിർദേശിക്കുന്നതിൽ ഒരർത്ഥവുമില്ല. കാരണം, ഓരോരുത്തർക്കും വേണ്ടത് ഓരോ തരത്തിലുള്ള ചിട്ടപ്പെടലുകളാണ്. അതിന് ആദ്യം വേണ്ടത് അവനവൻ അവനവനെ മനസ്സിലാക്കുക എന്നതാണ്. അല്ലെങ്കിൽ ഓരോരുത്തരും അടുത്തറിയാവുന്നവരുടെ ആരോഗ്യപരമായ നിർദേശങ്ങൾ സ്വീകരിക്കുക എന്നതാണ്.

ഏതു സാഹചര്യത്തിലും അമൂല്യമായ ചില മൂല്യങ്ങളുണ്ട്. ജീവിതമൂല്യങ്ങൾ എന്നു വിവക്ഷിക്കുന്ന എന്തിനെയും നിസ്സാരതയോടെയോ പുച്ഛത്തോടെയോ നോക്കിക്കാണാനാണ് പുതിയ കാലത്തിനു താത്പര്യം ഏറെയും; വിശേഷിച്ച് യൗവനകാലത്തിൽ. എത്രയൊക്കെപ്പറഞ്ഞാലും ജീവിതത്തിന്റെ മധ്യാഹ്നത്തിലോ സായാഹ്നത്തിലോ ജീവിതങ്ങളെക്കുറിച്ചു കിട്ടുന്ന അവബോധം യൗവനത്തിൽ ഉണ്ടാവാൻ അത്രകണ്ടു തരമില്ല. അപ്പോൾ അത്തരം ഘട്ടങ്ങളിലൂടെ കടന്നുപോയവരുടെ അനുഭവസമ്പത്തിന്റെ സാക്ഷ്യങ്ങളെ വിമർശനബുദ്ധ്യാ എങ്കിലും സമീപിക്കാനുള്ള ക്ഷമ നമ്മൾ കാണിക്കേണ്ടതാണ്.

കാലം ഒരുപാട് മാറി. എല്ലാം രംഗവും പുതുമയും വേഗവും കൈയടക്കി. യാഥാർത്ഥ്യം എന്നത് തമാശയായി. യാഥാർത്ഥ്യത്തെ വെല്ലുന്ന അയാഥാർത്ഥ്യങ്ങളെ സൃഷ്ടിക്കാവുന്ന നിർമിതബുദ്ധിയുടെ കാലമായി. അതുകൊണ്ടുതന്നെയാണ് ഒരു പുതുവത്സരം പിറക്കുമ്പോൾ, ഒന്നാം തീയതി മുതൽ നാം ആരംഭിക്കേണ്ട അറിവുനേടലിനെക്കുറിച്ചോ ഭാഷാശാസ്ത്ര-സാമ്പത്തികരംഗത്തു നേടേണ്ട കുതിച്ചുചാട്ടത്തെക്കുറിച്ചോ ഒന്നും പറയേണ്ടതില്ലെന്നു തീരുമാനിക്കുന്നത്.


►13

# ചിരിയുടെ ശ്രീ; ചിന്തയുടെയും

## മലയാളത്തിന്റെ ശ്രീനിവാസന് ആദരവോടെ യാത്രാമൊഴി



ജിൻസ് കാവാലി

**അ**തിമാനുഷികതയുടെ അദ്ഭുതലോകത്തുനിന്നും മലയാളസിനിമയെ സുതാര്യവും സുഖദുഃഖസമ്മിശ്രവുമായ സാധാരണക്കാരന്റെ ജീവിതത്തിലേക്കു പറിച്ചുനട്ടവരിൽ പ്രധാനിയായിരുന്നു ശ്രീനിവാസൻ. മധ്യവർഗമലയാളിയുടെ സ്വത്വപ്രതിസന്ധികൾ, ദാരിദ്ര്യം, ആത്മവിശ്വാസക്കുറവ്, അപകർഷതാബോധം ഇവയൊക്കെയും ശ്രീനിവാസന്റെ കഥാപാത്രങ്ങളിലൂടെ, തിരക്കഥകളിലൂടെ പ്രേക്ഷകർക്കു മുന്നിലെത്തി. മറ്റു നായകന്മാർ മലയാളിക്കു താരങ്ങളായിരുന്നുവെങ്കിൽ ശ്രീനിവാസനിൽ അവർ സ്വന്തം മുഖം കണ്ടു. ആ താദാത്മ്യപ്പെടലാണ് അയാളെ മലയാളത്തിന്റെ മുഖശ്രീയാക്കി മാറ്റിയത്.

സംവിധായകൻ, തിരക്കഥാകൃത്ത്, അഭിനേതാവ് എന്നീ നിലകളിലെല്ലാം കൈരളിയുടെ കലാലോകത്ത് തന്റേതായ വ്യക്തിമുദ്രപതിപ്പിക്കാൻ ശ്രീനിവാസനു കഴിഞ്ഞു. ആഴത്തിലുള്ള സാമൂഹികനിരീക്ഷണപാടവവും അനല്പമായ രാഷ്ട്രീയാവബോധവും അദ്ദേഹത്തിനു കൈമുതലായുണ്ടായിരുന്നു. അന്യരെ നോക്കി ചിരിക്കുംപോലെ എളുപ്പമല്ല, അവനവനെ നോക്കി ചിരിക്കുക എന്നത്. ആത്മവിമർശനത്തിൽ അധിഷ്ഠിതമായ ആ ചിരിയായിരുന്നു ശ്രീനിവാസന്റെ മറ്റൊരു പ്രധാന സവിശേഷത. പുറംപൂച്ചുകളെ പൊളിച്ചടുക്കി, പച്ചയായ മനുഷ്യജീവിതസന്ദർഭങ്ങളെ കൃത്രിമത്വമേതുമില്ലാതെ അയാൾ ആവിഷ്കരിച്ചപ്പോൾ മലയാളിക്ക് അവ മുഖവും മനവും നോക്കാനുള്ള കണ്ണാടികളായി.

കണ്ണൂരിലെ കൂത്തുപറമ്പിനടുത്ത് പാട്യം എന്ന ഗ്രാമത്തിൽ ജനിച്ച ശ്രീനിവാസനെ മലയാളസിനിമയുടെ ശ്രീനിവാസനാക്കി മാറ്റിയെടുത്തത് മദ്രാസ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ആയിരുന്നു. തമിഴ് സൂപ്പർതാരം രജനീകാന്ത് അടക്കമുള്ള പ്രമുഖർക്കൊപ്പം ആയിരുന്നു മദ്രാസിലെ സിനിമാപഠനം. തുടർന്ന് 1977 ൽ പി എ ബക്കറിന്റെ മണിമുഴക്കം എന്ന ചിത്രത്തിലൂടെ അഭിനയജീവിതത്തിനു തുടക്കമിട്ടു. പ്രിയദർശൻ സംവിധാനം ചെയ്ത് 1984 ൽ പുറത്തിറങ്ങിയ 'ഓടരുതമ്മാവാ ആളറിയാം' എന്ന ചിത്രത്തിലൂടെ ശ്രീനി തിരക്കഥാകൃത്തുമായി. 'അഭിനയിക്കാനായിച്ചെന്ന തന്നെ തിരക്കഥാരചന എന്ന അണ്ഡകടാഹത്തിലേക്കു ബലമായി തള്ളിയിടുകയായിരുന്നു പ്രിയദർശൻ' എന്ന് തന്റെ സ്വതഃസിദ്ധമായ ശൈലിയിൽ ശ്രീനിവാസൻ ഒരിക്കൽ പറഞ്ഞിട്ടുണ്ട്. പ്രിയദർശന്റെ ആ ബലപ്രയോഗം ഏതായാലും പില്ക്കാലമലയാളസിനിമയ്ക്ക് അനുഗ്രഹമായിത്തീർന്നു. ചിരിയും ചിന്തയും ഇഴചേർന്ന, കാമ്പും കഴമ്പുമുള്ള, കാലാതിവർത്തിയായ കുറെയേറെ തിരക്കഥകൾ ശ്രീനിവാസതൂലികയിൽനിന്നും മലയാളത്തിനു ലഭിച്ചു.

വെള്ളാനകളുടെ നാട്, മിഥുനം, കിളിച്ചുണ്ടൻ മാമ്പഴം, മുകുന്ദേട്ടാ സുമിത്ര വിളിക്കുന്നു, ചിത്രം തുടങ്ങി പ്രിയദർശൻ - മോഹൻലാൽ - ശ്രീനിവാസൻ കൂട്ടുകെട്ടിൽ നിരവധി ഹിറ്റ് ചിത്രങ്ങൾ പിറവിയെടുത്തു. സംവിധായകൻ കമലിനൊപ്പംചേർന്ന് ശ്രീനിവാസൻ തിരക്കഥ എഴുതിയ പാവം പാവം രാജകുമാരൻ, മഴയെത്തും മുമ്പേ, അഴകിയ രാവണൻ തുടങ്ങിയ ചിത്രങ്ങൾ പ്രേക്ഷകപ്രശംസയും നിരൂപകശ്രദ്ധയും ഒരുപോലെ നേടിയവയായിരുന്നു. മുത്താരംകുന്ന് പി ഒ, ദൂരെ ദൂരെ ഒരു കൂടുകൂട്ടാം തുടങ്ങിയ ചിത്രങ്ങളിലൂടെ സംവിധായകൻ സിബി മലയിലിനൊപ്പം ചേർന്നും ശ്രീനിവാസൻ സൂപ്പർഹിറ്റുകളൊരുക്കി.

ശ്രീനിവാസൻ ഏറ്റവുമധികം തിരക്കഥകളെഴുതിയത് സംവിധായകൻ സത്യൻ അന്തിക്കാടിനുവേണ്ടിയായിരുന്നു. വല്ലാത്തൊരു ഹൃദയൈക്യമുണ്ടായിരുന്നു ഇവർ തമ്മിൽ. 1986 ൽ 'ടി പി ബാലഗോപാലൻ എം എ' എന്ന സിനിമയിൽ ആരംഭിച്ച ഈ കൂട്ടുകെട്ട് 2018 ൽ പുറത്തിറങ്ങിയ 'ഞാൻ പ്രകാശൻ' എന്ന സിനിമ വരെയും തുടർന്നു. ഇതിനിടയിൽ ആക്ഷേപഹാസ്യവും ആത്മവിമർശനവുമെല്ലാം ഒത്തുചേർന്ന, അത്യന്തം സാമൂഹികപ്രസക്തമായ അനവധി സിനിമകൾ ഇവരുടെ കൂട്ടുകെട്ടിൽ പിറവിയെടുത്തു. ഗാന്ധിനഗർ സെക്കൻഡ് സ്ട്രീറ്റ്, സന്മനസ്സുള്ളവർക്കു സമാധാനം, നാടോടിക്കാറ്റ്, പട്ടണപ്രവേശം, വരവേല്പ്, സന്ദേശം, യാത്രക്കാരുടെ ശ്രദ്ധയ്ക്ക് എന്നിങ്ങനെ ഇരുവരും ചേർന്നൊരുക്കിയ ചിത്രങ്ങൾ മലയാളസിനിമയിൽ പുതിയൊരു ഭാവുകത്വം തന്നെ സൃഷ്ടിച്ചു. നേതാക്കന്മാരുടെ പൊങ്ങച്ചങ്ങളും രാഷ്ട്രീയക്കാരുടെ കാപട്യങ്ങളും തുടങ്ങി കുടുംബബന്ധങ്ങൾക്കുള്ളിലെ സങ്കീർണതകളും സൗഹൃദത്തിന്റെ അനന്യമായ ആഴവുംവരെ ഇവർ തങ്ങളുടെ സിനിമകൾക്കു വിഷയമാക്കി. സാധാരണക്കാരന്റെ ജീവിതവേദനകളെ ചിരിചേർത്ത് നേർപ്പിച്ച വേദതത്ത്വങ്ങളായിരുന്നു ശ്രീനിവാസന്റെ തിരക്കഥകൾ.

മധ്യവർഗമലയാളിയുവാവിന്റെ സാമൂഹികജീവിതത്തെ, അപകർഷതാബോധത്തെ, അതിൽനിന്നും ഉടലെടുക്കുന്ന രോഗത്തോളമെത്തുന്ന സംശയത്തെ ഒക്കെയും വിമർശനഹാസ്യരൂപത്തിൽ അവതരിപ്പിച്ച



ചലച്ചിത്രമായിരുന്നു ശ്രീനിവാസൻ രചനയും സംവിധാനവും നിർവഹിച്ച് അദ്ദേഹം തന്നെ നായകനായ 'വടക്കുനോക്കിയന്ത്രം'.

മുഖ്യധാരാസിനിമയിൽ സാധാരണമായി കണ്ടുവന്നിരുന്ന ധീരോദാത്തനും അതിപ്രതാപവാനുമായ നായകബിംബത്തെ പൂർണമായും പൊളിച്ചെഴുതി ഈ ചിത്രത്തിലെ ശ്രീനിവാസന്റെ നായകകഥാപാത്രം. ശ്രീനിവാസൻ ആദ്യം സംവിധാനം ചെയ്ത ഈ ചിത്രം സംസ്ഥാന ചലച്ചിത്രപുരസ്കാരത്തിനും അർഹമായി.

സമാനമായിത്തന്നെ രചനയും സംവിധാനവും നിർവഹിച്ച്, നായകവേഷത്തിൽ അഭിനയിച്ച ശ്രീനിവാസന്റെ മറ്റൊരു ചലച്ചിത്രമാണ് 'ചിന്താവിഷ്ടയായ ശ്യാമള.' ഉത്തരവാദിത്വബോധമില്ലാത്ത ഭർത്താവ് കുടുംബത്തിൽ സൃഷ്ടിക്കുന്ന കഷ്ടപ്പാടുകളാണ് ചിത്രത്തിന്റെ മുഖ്യപ്രമേയം. ആത്മീയത ഉൾപ്പെടെ അലസജീവിതത്തിനുള്ള ഉപാധിയാക്കാൻ ശ്രമിക്കുന്നവരെ ആക്ഷേപഹാസ്യത്തിന്റെ ചാട്ടവാർകൊണ്ട് നന്നായി പ്രഹരിക്കുന്നുണ്ട് ശ്രീനിവാസൻ ഈ സിനിമയിൽ. സാമൂഹികപ്രസക്തമായ പ്രാദേശികചലച്ചിത്രത്തിനുള്ള ദേശീയ പുരസ്കാരവും ജനപ്രിയസിനിമയ്ക്കുള്ള സംസ്ഥാന പുരസ്കാരവും ചിന്താവിഷ്ടയായ ശ്യാമള സ്വന്തമാക്കി.

'എല്ലാറ്റിനും അതിന്റേതായ സമയമുണ്ട് ദാസാ' (നാടോടിക്കാറ്റ്), 'പോളണ്ടിനെക്കുറിച്ച് ഒരക്ഷരം മിണ്ടരുത്' (സന്ദേശം), 'മീനവിയൽ എന്തായോ എന്തോ' (അക്കരെയക്കരെ അക്കരെ) എന്നിങ്ങനെ ശ്രീനിവാസൻ എഴുതിയ അനവധിയായ ചലച്ചിത്രസംഭാഷണങ്ങൾ പഴഞ്ചൊല്ലുകൾപോലെ മലയാളിയുടെ നിത്യജീവിതവ്യവഹാരങ്ങളിൽ ഇടംനേടി. അഭിനയത്തിലെ അനായാസതയും എഴുത്തിന്റെ ജൈവികസ്വഭാവവും ശ്രീനിവാസൻ എന്ന സിനിമക്കാരനെ സാധാരണക്കാരന്റെ പ്രതിനിധിയാക്കിത്തീർത്തു. ഏതെങ്കിലും കക്ഷിരാഷ്ട്രീയത്തിനോ ജാതിമതവിഭാഗങ്ങൾക്കോ തന്റെ തലച്ചോറ് അടിയറവച്ചിരുന്നില്ല ശ്രീനിവാസൻ. അതിനാൽത്തന്നെ അപ്രിയസത്യങ്ങൾ അതാരോടായാലും അയാൾ ഉറക്കെത്തന്നെ വിളിച്ചുപറഞ്ഞു. ഉദയനാണ് താരം, പത്മശ്രീ ഭരത് ഡോ. സരോജ് കുമാർ തുടങ്ങിയ സിനിമകളിലൂടെ സിനിമാവ്യവസായത്തിനുള്ളിലുള്ള പുഴുക്കുത്തുകളെ പരിഹസിക്കാനും ശ്രീനിവാസൻ ധൈര്യം കാട്ടി. തനിക്കു ശരിയെന്നു തോന്നുന്നത് പറയാനും പ്രവർത്തിക്കാനും അയാൾ ഒരുകാലത്തും മടിച്ചുനിന്നില്ല. കാലമെത്ര കഴിഞ്ഞാലും ശ്രീനിവാസൻ എന്ന പേരില്ലാതെ മലയാളസിനിമയുടെ ചരിത്രത്തെ രേഖപ്പെടുത്തുക അസാധ്യം. ശ്രീനിവാസൻ ഭൗതികമായ അർഥത്തിൽ നമ്മോടു വിടപറഞ്ഞെങ്കിലും അയാൾ അഭിനയിച്ച സിനിമകളും എഴുതിയ തിരക്കഥകളും ഈ മണ്ണിൽ ഇനിയും ഏറെക്കാലം തുടരുകതന്നെ ചെയ്യും. മരണം കലാകാരനേയുള്ളൂ, അയാൾ സൃഷ്ടിച്ച കല കാലാതിവർത്തിയത്രേ. ■

# ഡോ. ജെ. കട്ടയ്ക്കൽ ഇനി ഓർമകളിൽ

പാലാ രൂപതയിലെ സീനിയർ വൈദികനും കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി മുൻ പ്രഫസറും എഴുത്തുകാരനുമായ ഫാ. ഡോ. ജെ. കട്ടയ്ക്കൽ (96) ഓർമയായി. സംസ്കാരം ഡിസംബർ 28 ന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ മുഖ്യകാർമികത്വത്തിൽ അറക്കുളം സെന്റ് മേരീസ് പള്ളിയിൽ നടന്നു. സീറോ മലബാർ സഭാ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ ഉൾപ്പെടെ വലിയൊരു വിഭാഗം ബിഷപ്പുമാരുടെ ഗുരുവായിരുന്നു കട്ടയ്ക്കലച്ചൻ.



അറക്കുളം കട്ടയ്ക്കൽ പരേതരായ തോമസ്-ഏലിയാമ്മ ദമ്പതികളുടെ മകനാണ്. 1958 ൽ പൗരോഹിത്യം സ്വീകരിച്ചു. 1962 ൽ റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽനിന്നു തിയോളജിയിൽ ഡോക്ടറേറ്റും ലണ്ടൻ യൂണിവേഴ്സിറ്റിയിൽനിന്നു സംസ്കൃതത്തിൽ ബിരുദാനന്തരബിരുദവും കേരളസർവകലാശാലയിൽനിന്ന് ഇന്ത്യൻ ഫിലോസഫിയിൽ ഡോക്ടറേറ്റും ജർമൻഭാഷയിൽ ഡിപ്ലോമയും കരസ്ഥമാക്കി. ഉന്നതവിദ്യാഭ്യാസാനന്തരം 1965ലാണ് സെമിനാരിയിൽ അധ്യാപകനായി ചേർന്നത്. നിരവധി ഇന്ത്യൻ, വിദേശയൂണിവേഴ്സിറ്റികളിൽ വിസിറ്റിങ് പ്രഫസറായിരുന്നു. വിവിധ ഭാഷകളിൽ പ്രാവീണ്യമുള്ള ഇദ്ദേഹം നിരവധി പുസ്തകങ്ങളുടെ രചയിതാവാണ്. മികച്ച സാമൂഹികപ്രവർത്തകൻകൂടിയായിരുന്നു ഡോ. ജെ. കട്ടയ്ക്കൽ.

ഗോത്രമേഖലയുടെ ഉന്നമനത്തിനും ടൂറിസ്റ്റുകേന്ദ്രമായ പുള്ളിക്കാനം-ഇല്ലിക്കൽക്കല്ല് റോഡിന്റെ നിർമാണത്തിനും മുൻനിരയിൽനിന്നു പ്രവർത്തിച്ചു. സാധാരണക്കാരുടെ താങ്ങും തണലുമായിരുന്നു അച്ചൻ. 94-ാം വയസ്സിലും കർമനിരതനായിരുന്ന അദ്ദേഹം അമേരിക്കയിലേക്കുള്ള യാത്രയ്ക്കിടയിലുണ്ടായ ഹൃദയാഘാതത്തെത്തുടർന്ന് പാലാ മാർ സ്ലീവാ മെഡിസിറ്റിയിലും തുടർന്ന് വൈദികമന്ദിരത്തിലുമായി ചികിത്സയിലും വിശ്രമത്തിലുമായിരുന്നു. ഹൃദ്യമായ പുഞ്ചിരിയും വശ്യമായ പെരുമാറ്റവും അച്ചന്റെ കൂടപ്പിറപ്പായിരുന്നു.

12 സഹോദരങ്ങളിൽ അഞ്ചുപേർ കന്യാസ്ത്രീകളും ഒരാൾ വൈദികനുമാണ്. ഏഴുപേർ ജീവിച്ചിരിപ്പുണ്ട്. ഷംഷാബാദ് രൂപത ബിഷപ് മാർ ജോസഫ് കൊല്ലംപറമ്പിലിൽ മാതൃസഹോദരപുത്രനാണ്.

വ്യത്യസ്തങ്ങളായ സാഹിത്യരചനകളിലൂടെ ദീർഘകാലം ദീപനാളത്തെ സമ്പുഷ്ടമാക്കിയ ഡോ. ജെ. കട്ടയ്ക്കലിന്റെ ഓർമകൾക്കുമുമ്പിൽ ദീപനാളം കുടുംബാംഗങ്ങളുടെ പ്രണാമം!

# കടപ്പാടിന്റെ കണക്കുപുസ്തകം

## വർഷാന്ത്യദിനചിന്തകൾ



ഫാ. തോമസ്
പാട്ടത്തിൽചിറ CMF

തളിരിട്ടുതുടങ്ങിയ അത്തിമരത്തണലിൽ അയാളിരുന്നു. വീട്ടിലേക്കുള്ള വഴിയിലാണ്. നട്ടുച്ചയിലെ നീണ്ട നടപ്പിൽ നല്ല തളർച്ച തോന്നി. തോളിൽ തൂങ്ങിയ പഴന്തുണിപ്പാണ്ഡം കൈയകലത്തേക്കു നീക്കിവച്ച് അയാൾ അകലേക്കു നോക്കി. ദൃഷ്ടിയെത്തും ദൂരത്ത് തന്റെ കൊച്ചുഗ്രാമം! അപ്പോൾ ആ വഴി കടന്നുപോയ ഇളംകാറ്റിൽ അയാളുടെ ഓർമപ്പുസ്തകത്തിന്റെ താളുകൾ പിന്നിലേക്കു മറിഞ്ഞു. ഭാസുരമായൊരു ഭാവിഭദ്രതയ്ക്കായി താൻ ആഹ്ലാദപൂർവം അധ്വാനിച്ചിരുന്ന നാളുകൾ. മുപ്പതു വർഷത്തെ ആ ജീവിതത്തിൽ മോദങ്ങൾക്കു മാത്രമായിരുന്നു മുൻതൂക്കം. പക്ഷേ, പൊടുന്നനെ പതിച്ച കദനങ്ങളുടെ കൽമഴക്കുത്തൊഴുക്കിൽ എല്ലാം എത്രയോ പരിഹാസ്യമായി പര്യവസാനിച്ചു! അന്ന് പുലർച്ചെ പണിയായുധങ്ങൾ കൈയിലെടുത്തപ്പോൾ തോന്നിയ ഒരു മരവിപ്പ്! ആദ്യം അതിനെ അവഗണിച്ചു. എന്നാൽ, ശരീരഭാഗങ്ങളെയാകെ ഒരു പെരുമ്പാമ്പിനെപ്പോലെ വരിഞ്ഞുമുറുക്കിയ ആ നിർജ്ജീവത്വം തീർത്തും തളർത്തുന്ന ഒരു തിരിച്ചറിവിന്റെ തിമിരക്കുഴിയിലേക്കാണ് തന്നെ തള്ളിയിട്ടത്! കുഷ്ഠരോഗത്തിന്റെ കരാളഹസ്തങ്ങളിൽ താനും കുരുങ്ങിപ്പോയിരിക്കുന്നു! ഒറ്റപ്പെട്ട ഒരിടത്ത് ദുഃഖദുരിതങ്ങളുടെ കറുത്ത കോട്ടയ്ക്കുള്ളിൽ ദുർഗന്ധം വമിക്കുന്ന ദേഹവുമായി ദ്രവിച്ചുകഴിഞ്ഞ പിന്നീടുള്ള പത്തുവർഷങ്ങൾ...

അങ്ങനെയിരിക്കെ യാദൃച്ഛികമായാണ് യേശുവിന്റെ യശസ്സിനെക്കുറിച്ച് താൻ കേട്ടറിഞ്ഞത്. ആ ക്ഷണംമുതൽ അവൻ തന്നെ സുഖപ്പെടുത്തുമെന്ന് അന്തഃരംഗം ആവർത്തിച്ച് അനുസ്മരിപ്പിച്ചിരുന്നു. അതിനായി ആഴമായി ആശിച്ചിരുന്നു. സമ്പൂർണസൗഖ്യം സാധ്യമാകുമെന്ന വലിയ വിശ്വാസമുണ്ടായിരുന്നു. ഒപ്പമുണ്ടായിരുന്ന ഒമ്പതാൾക്കും അതേ ആത്മബോധ്യമായിരുന്നു. അതുകൊണ്ടുതന്നെയാണ് അതിരാവിലെ മുതൽ ആ അദ്ഭുതപ്രവർത്തകന്റെ ആഗമനം അതിയായി ആഗ്രഹിച്ച് അകലെ ആളൊഴിഞ്ഞയിടത്ത് തങ്ങൾ പത്തുപേരും പേടിച്ച് പതുങ്ങിക്കൂടിയതും (ലൂക്കാ 17:12). പെട്ടെന്ന് പന്ത്രണ്ടു ശിഷ്യരാൽ പരിസേവിതനായി പ്രഭാമയനായ ആ പരിശുദ്ധനെത്തി. ആ സൂര്യബിംബത്തിലേക്കു തങ്ങളും അറിയാതെ ആകർഷിക്കപ്പെട്ട അനുഭവം. ശവസമാനമായിരുന്ന ശരീരമാകെ കുളിരുകോരി. പിന്നെ അല്പവും അമാന്തിച്ചില്ല, നാവുയർത്തി നിലവിളിച്ചു: "നസ്രായനായ നാഥാ, കരുണാമയാ, കനിവാകേണമേ" ഉടൻ മറുപടിയുടെ മാറ്റൊലിയെത്തി: 'പരിഹാരകർമങ്ങൾക്കായി പുരോഹിതരുടെ പക്കൽ പോകുവിൻ' എന്ന്. പോകവെ പാതിപാതയിൽ പത്തുപേരും പരിപൂർണസുഖം പ്രാപിച്ചു. വെൺമഞ്ഞുപോലെ വിളറിക്കിടന്ന ദേഹത്ത് ആ വികൃതവ്യാധിയുടെ വടുക്കൾപോലും ശേഷിച്ചില്ല. അപ്പോഴുണ്ടായ അടക്കാനാവാത്ത ആനന്ദത്തിൽ ആർത്തുഘോഷിച്ച് ആടിപ്പാടി ഒമ്പതുപേരും ഓരോ വഴിയേ പോയി. താൻ തനിച്ചായി. മുമ്പോട്ടുപോകാൻ തോന്നിയില്ല. പിന്നിട്ട ദൂരമത്രയും തിരികെ താണ്ടാനും സൗഖ്യം സമ്മാനിച്ച നന്മരൂപനു നന്ദി നല്കാനും മനം മോഹിച്ചു. വിജാതീയനാണെങ്കിലും വിശ്വസ്തനായിരിക്കണം. പിന്നെ വൈകിയില്ല. സ്തുതിപ്പുകളോടെ ആ സൗഖ്യദായകന്റെ സവിധമണഞ്ഞു. കൃതജ്ഞതാപൂർവം കൈകൾ കൂപ്പി നന്ദി നേർന്നപ്പോൾ നയനങ്ങൾ നനഞ്ഞു...

ഓർമകളുടെ ഓളപ്പരപ്പിൽനിന്നും ഒരുവേള ഉണർവിന്റെ ഊഷ്മളതീരത്ത് അയാൾ അടിഞ്ഞു. മിഴികൾ മെല്ലെ തുറന്നു. വേഗം വീടെത്തണം. പൊയ്പ്പോയ പഴയ സന്തോഷങ്ങൾ സ്വന്തമാക്കണം. അയാൾ എഴുന്നേറ്റ് സ്വഗ്രാമകവാടത്തിലേക്കു നടന്നു. തന്റെ കീറിപ്പറിഞ്ഞ മാറാപ്പെടുക്കാൻ മനഃപൂർവം മറന്നു. കഴിഞ്ഞകാലത്തിന്റെ കദനങ്ങളുടെയും സഹനങ്ങളുടെയും സാക്ഷിയായിരുന്ന ആ സഞ്ചി ഇനി അവിടെ കിടക്കട്ടെ. നൂതനനാളുകളെക്കുറിച്ചുള്ള നൂറുനൂറു നറുകിനാക്കൾ അപ്പോൾമുതൽ അയാളുടെ അനുയാത്രികരായി.

ഓർക്കണം, കടപ്പാടിന്റെ കണക്കുപുസ്തകമാണ് മണ്ണിലെ മനുഷ്യജീവിതം. കൊടുക്കുന്തോറും കുന്നുകൂടുന്ന കടങ്ങളുടെയും പറഞ്ഞുതീരുന്തോറും നാവിൻതുമ്പിൽ പെരുകിവരുന്ന നന്ദിവാക്കുകളുടെയും ബന്ധിക്കാനാവാത്ത ബാധ്യതകളുടെയും പ്രതിഫലാതീതമായ പ്രതിബദ്ധതകളുടെയും വിരാമമില്ലാത്ത വഴിക്കണക്കുകൾ വേണ്ടുവോളമുള്ള കടലാസുതാളുകൾകൊണ്ട് കുത്തിക്കെട്ടിയ കുടിശ്ശികപ്പുസ്തകം! കണ്ണടയുംകാലത്തോളം കൈയിൽ കണിശമായും കരുതേണ്ട കടപ്പത്രം! ഒടുവിൽ കൂട്ടിക്കുറച്ചു കഴിയുമ്പോൾ സ്വന്തമെന്നു പറയാൻ കൈവെള്ളയിൽ കടുകുമണിപോലും കാണില്ല. ഉണ്ടെന്നു പറയുന്നതെല്ലാം എപ്പോഴെങ്കിലും എവിടെനിന്നെങ്കിലും എങ്ങനെയെങ്കിലും ഉദാരമായി ലഭിച്ചവയല്ലേ? ഇല്ലായ്മയിൽനിന്നു നമ്മെ സൃഷ്ടിച്ച വിശ്വശില്പിയായ ദൈവത്തോട് കണക്കില്ലാത്ത കണക്കെയല്ലേ നാം കടപ്പെട്ടിരിക്കുന്നത്? അമ്മയുടെ അൻപെഴുന്ന ഉദരത്തിൽ ഉരുവായി ഊഴിയിൽ ഉത്ഭവിച്ചതിനുമുമ്പേ നമ്മെ മുഴുവനായും അറിഞ്ഞ (ജെറ. 1:5) ആ മഹാശക്തിയുടെ മുന്നിലല്ലാതെ മറ്റെവിടെയാണ് നാം മുട്ടുകൾ മടക്കേണ്ടത്? പരിചയമില്ലാത്ത, പേരറിയാത്തവരുടെ പാണീതലങ്ങളിലേക്കു പിറന്നുവീഴുന്ന ഓരോ ചോരക്കുഞ്ഞിന്റെയും ആർദ്രമായ ആദ്യരോദനത്തിലും അതോടൊപ്പമൊഴുകുന്ന അശ്രുകണങ്ങളിലും അത്താണിക്കായുള്ള അപേക്ഷാധ്വനിയും ഉപാശ്രയബോധത്തിന്റെ ഉപ്പുരസവുമാണുള്ളത്. പെരുനോവിൽ പിറവിയേകി മാറിലെ മധുരമുള്ള പാലാഴി പകർന്ന് പരിപാലിച്ചു പോറ്റുന്ന പെറ്റമ്മയോടും, അനുദിനം അധ്വാനിച്ച് ആഹാരമേകുന്ന അച്ഛനോടും പാടിത്തീർക്കാൻ പറ്റുമോ പ്രതിനന്ദിയുടെ പ്രണാമപല്ലവികൾ?

കടപ്പാടിന്റെ കുടിശ്ശികക്കണക്കുകൾ കടൽപോലെ കിടക്കുകയാണ്. സാന്ത്വനസാമീപ്യം സമ്മാനിക്കുന്നവരോട്, തെറ്റുകൾ തിരുത്തുന്നവരോട്, തളർച്ചയിൽ താങ്ങാകുന്നവരോട്, വീഴ്ചകളിൽ വീണ്ടെടുക്കുന്നവരോട്, മുറിവുകളിൽ മരുന്നേകുന്നവരോട്, കണ്ണീരൊപ്പുന്ന കൈത്തൂവാലകളോട്, നല്ലതു വരാൻ നാളുകളോളം നോമ്പു നോൽക്കുന്നവരോട്, നൊന്തുപ്രാർഥിക്കുന്നവരോട്. പ്രകൃതിയോടല്ലേ പ്രതിബദ്ധത? കുടിനീരിനും, കൂടെനടക്കുന്ന കുടയ്ക്കും, തണൽ വിരിക്കുന്ന തരുനിരകൾക്കും, കാലദൈർഘ്യം ക്രമേണ കുറയുകയാണെന്നു കാതിൽ മന്ത്രിച്ച് കാറ്റിൽ കൊഴിയുന്ന കരിയിലയ്ക്കും കൃതജ്ഞതയേകണം. തട്ടിവീഴിക്കുന്ന കല്ലിനോടു പ്രതിനന്ദി പ്രകാശിപ്പിക്കണം, നിഗളിച്ചുള്ള നടപ്പ് നല്ലതല്ലെന്ന് ഔദാര്യപൂർവം ഓർമിപ്പിക്കുന്നതിന്. സ്വന്തം പേരെഴുതുമ്പോൾ ഓർക്കണം, ഈ പേരുപോലും പണ്ടാരോ പറഞ്ഞിട്ടതല്ലേ. ആയുസ്സിന്റെ വഴിയിലെ സഞ്ചാരികളായ നമുക്ക് സഹയാത്രികരുടെ സഹായഹസ്തങ്ങളെ സമയാസമയങ്ങളിൽ ആശ്രയിക്കാതിരിക്കാനാവില്ല.

> **ഉപകാരികളെ ഉചിതമായി അനുസ്മരിക്കാനും ആദരിക്കാനും നാം മറക്കാറില്ലേ? നന്ദി നല്കേണ്ട നേരങ്ങളിലല്ലേ നമ്മുടെ നാവിന് നാഡീബലം നഷ്ടമാകുന്നത്? കർത്താവിന്റെ കാൽക്കൽ കൃതജ്ഞതയോടെ കരങ്ങൾ കൂപ്പിയ കുഷ്ഠരോഗിയെപ്പോലെ പേരറിയാത്തവർ പ്രതിനിമിഷം പറഞ്ഞുതരുന്ന പ്രതിബദ്ധതയുടെയും പ്രതിനന്ദിയുടെയും പാഠങ്ങൾ പഠിച്ച് പ്രാവർത്തികമാക്കാൻ പ്രയത്നിക്കാം.**

പാഠങ്ങളിതൊക്കെ പലപ്പോഴും വെള്ളത്തിൽ വരയ്ക്കുന്ന വരപോലെയാണ്. ഉപകാരികളെ ഉചിതമായി അനുസ്മരിക്കാനും ആദരിക്കാനും നാം മറക്കാറില്ലേ? നന്ദി നല്കേണ്ട നേരങ്ങളിലല്ലേ നമ്മുടെ നാവിന് നാഡീബലം നഷ്ടമാകുന്നത്? കർത്താവിന്റെ കാൽക്കൽ കൃതജ്ഞതയോടെ കരങ്ങൾ കൂപ്പിയ കുഷ്ഠരോഗിയെപ്പോലെ പേരറിയാത്തവർ പ്രതിനിമിഷം പറഞ്ഞുതരുന്ന പ്രതിബദ്ധതയുടെയും പ്രതിനന്ദിയുടെയും പാഠങ്ങൾ പഠിച്ച് പ്രാവർത്തികമാക്കാൻ പ്രയത്നിക്കാം. സന്തോഷങ്ങളിലും സന്താപങ്ങളിലും ഒരുപോലെ സർവേശ്വരനെ ഓർക്കാം. കരഗതമായ കൃപകൾക്കു കർത്താവിനു കീർത്തനം പാടിയ പരിശുദ്ധ കന്യാമറിയത്തെ മാതൃകയാക്കി നമ്മുടെ കരളിനെ കൃതജ്ഞതാരാഗങ്ങൾ മീട്ടുന്ന കിന്നരമാക്കി മാറ്റാനുള്ള അനുഗ്രഹത്തിനായി അപേക്ഷിക്കാം. വർഷമൊന്ന് ഇവിടെ അസ്തമിക്കുമ്പോൾ ജീവിതമാകുന്ന കടപ്പാടിന്റെ കടച്ചീട്ടും നന്ദിനിറഞ്ഞ നാവും ഇന്നത്തെ സന്ധ്യയ്ക്ക് സൗന്ദര്യവും സൗരഭ്യവും ചാർത്തട്ടെ. കഴിഞ്ഞനാളുകളിലെ കടപ്പാടുകളുടെ ഓർമക്കുറിപ്പാകട്ടെ ഈ വർഷാന്ത്യദിനം.

■



നോവൽ 22



# മിഴിയിതൾപ്പൂക്കൾ

ജോർജ് പുളിങ്കാട്

“രാജീവാ, എന്തു തോന്നുന്നു, റോണിയുടെ മട്ടുംഭാവവും കണ്ടിട്ട്?” സർക്കിൾ ഇൻസ്പെക്ടർ മോഹൻകുമാർ സഹപ്രവർത്തകനോടു ചോദിച്ചു.

“സാറ്, അവളുടെ ചിത്രം കാണിച്ചപ്പോൾ അവൻ നടുങ്ങി. വിറയ്ക്കുകയും വിയർക്കുകയും ചെയ്തു.”

“അതാരുടേതാണെന്നുപോലുമവനറിയില്ലെന്ന്! എങ്ങനെ വന്നെന്നുമറിയില്ല. വീട്ടിൽ പരസ്പരം വഴക്കുണ്ടായിട്ടില്ലെന്നുമാണവൻ പറഞ്ഞത്.”

“എല്ലാം നിഷേധിക്കുകയായിരുന്നു, അവൻ.” രാജീവൻ പറഞ്ഞു.

“എന്റെ ബലമായ സംശയം റോണി ഏതോ വക്കീലിനെ കണ്ടിട്ടുണ്ടെന്നാണ്. എല്ലാം നിഷേധിക്കണമെന്നും, നിഷേധിക്കാൻ കഴിയാത്ത തെളിവുകൾക്കു മുമ്പിൽ മൗനം പാലിക്കണമെന്നുമാണ് വക്കീലന്മാർ പറഞ്ഞുകൊടുക്കുന്നത്.” സി.ഐ. സൂചിപ്പിച്ചു.

“സാർ, പകൽനേരത്ത് ശ്രീജിത്ത് വന്നതും അവളുടെ ചിത്രം സമ്മാനമായി കൊടുത്തതുമൊക്കെ ജീനാ റോണിയോടു താത്പര്യത്തോടെ പറഞ്ഞു കാണും. അവനത് ഉൾക്കൊള്ളാൻ കഴിഞ്ഞിരിക്കില്ല. സംശയരോഗികൂടിയായിരിക്കാം റോണി. അവൻ ജീനായോടു പൊട്ടിത്തെറിക്കുകയും അരുതാത്തതെന്തൊക്കെയോ പറയുകയും ചെയ്തിരിക്കും. അതിന്റെ വിഷമത്തിലാണ് അവൾ കൈത്തണ്ട മുറിച്ച് മരിച്ചത്. പ്രേരണക്കുറ്റം റോണിക്കു തന്നെയാണു സാർ.”

“രാജീവൻ പറഞ്ഞതു ശരിതന്നെ. വഴക്കുണ്ടാക്കിയതിന് നമ്മുടെ പക്കൽ തെളിവില്ലല്ലോ. മുൻപട്ടാളക്കാരൻ കരച്ചിൽ കേട്ടെന്നു പറഞ്ഞിട്ടില്ല. അതു നമ്മുടെയൊരു തള്ളാണ്. വീടുകൾ തമ്മിൽ ഒച്ചപ്പാട് കേൾക്കാനാവാത്തത്ര അകലവുമുണ്ട്.”

“കിണറ്റിൽനിന്നു കിട്ടിയ ചിത്രം ശ്രീജിത്ത് ഇവിടെ വന്നതിനുള്ള തെളിവല്ലേ?”

“അതേ. പക്ഷേ, വഴക്കുണ്ടായതിനു തെളിവില്ല. വഴക്കുണ്ടായെന്നും വാക്കുകൾകൊണ്ട് റോണി മുറിവേൽപ്പിച്ചെന്നുമൊക്കെയുള്ളത് സംശയം മാത്രമാണ്. തെളിവല്ല.”

“ഒരു ആത്മഹത്യാക്കുറിപ്പെന്തെങ്കിലുമുണ്ടായിരുന്നെങ്കിൽ അത് ബലവത്തായ തെളിവാകുമായിരുന്നു. മരണപ്പെട്ട ജീനായുടെ ദേഹത്ത് അടിയുടെയോ ഇടിയുടെയോ ഒന്നും സൂചനയില്ലാത്തതിനാൽ അങ്ങനെയൊരു ആരോപണവും നിലനിൽക്കില്ല.” സി.ഐ. പറഞ്ഞു.

“റോണിയുടെ ഇന്നത്തെ അങ്കലാപ്പ് കണ്ടാലറിയാം സാർ, അവൻ തന്നെയാണ് കുറ്റവാളിയെന്ന്.”

“രാജീവനറിയാമല്ലോ, ഓരോ കേസിലും എത്രയോ കുറ്റവാളികൾ വളരെയെളുപ്പത്തിൽ രക്ഷപ്പെട്ടുപോകുന്നു. സംശയത്തിന്റെ ആനുകൂല്യത്തിൽ കൊടുംകൊലപാതകികൾപോലും ഊരിപ്പോകുന്നില്ലേ?”

“അവന്റെ ചെള്ളയ്ക്കൊന്നു പൊട്ടിച്ചാൽ എല്ലാം കിളി, കിളിപോലെ പറയുമായിരുന്നു. സമ്മതിക്കുമായിരുന്നു.” എച്ച്.സി. രാജീവൻ പറഞ്ഞു.

“സമ്മതിച്ചു എന്നു കരുത്. പിന്നെന്താകും സംഭവിക്കുന്നത്? കേസ് കോടതീൽ വരുമ്പം വക്കീൽ വാദിക്കും ഭീഷണിപ്പെടുത്തിയതു മൂലം സമ്മതിച്ചതാണെന്ന്? അതല്ല, കോടതിക്ക് ഇവൻ ശരിക്കും പ്രേരണക്കുറ്റം ചെയ്തു എന്നു ബോധ്യപ്പെട്ടാൽത്തന്നെ അഞ്ചുവർഷത്തിൽ താഴെ തടവുശിക്ഷയും ചെറിയ പിഴയും വിധിച്ചേക്കാം. അപ്പീൽ കൊടുത്തുകൊണ്ട് ജാമ്യം അപേക്ഷിച്ചാൽ ശിക്ഷ ഏഴുവർഷത്തിൽ കുറവാണെന്ന പരിഗണനയിൽ അപ്പഴേ ജാമ്യം കിട്ടും. മേൽക്കോടതി മിക്കവാറും എന്തെങ്കിലും കാരണം പറഞ്ഞ് ശിക്ഷ ഒഴിവാക്കുകയും ചെയ്യും.” സർക്കിൾ ഇൻസ്പെക്ടർ അതു പറഞ്ഞ് പുഞ്ചിരിച്ചു.

“മരിച്ചവർക്ക് നീതിയാവശ്യമില്ലല്ലൊ! ജീവിച്ചിരിക്കുന്നവർക്ക് നീതികേട് അത്യാവശ്യവുമാണ്.” രാജീവൻ പറഞ്ഞു.

“രാജീവാ, ജീനായുടെ സഹോദരൻ ആ വർക്ക്ഷോപ്പ് പണിക്കാരൻ പയ്യൻ പോലീസിൽനിന്നു നീതി കിട്ടുകേലെന്നു പറഞ്ഞ് മജിസ്ട്രേറ്റു കോടതിയിൽ കേസ് ഫയൽ ചെയ്തു കഴിഞ്ഞു. പാവം. എനിക്കാ പയ്യന്റെ കാര്യമോർത്ത് സഹതാപമുണ്ട്.” സി.ഐ. പ്രതികരിച്ചു.

“നമുക്ക്, അവന്റെ മരിച്ചുപോയ പെങ്ങൾക്കും അവനും നീതി വാങ്ങിക്കൊടുക്കാൻ സാധിക്കുമോ



സാർ?” ഹെഡ് കോൺസ്റ്റബിൾ ഹൃദയമുലഞ്ഞ് ചോദിച്ചു.

“എനിക്ക് ഒരു ഉറപ്പുമില്ല. അവളെ മരണത്തിലേക്കു തള്ളിയിട്ടവനു കിട്ടാവുന്ന പരമാവധി ശിക്ഷ ഞാൻ പറഞ്ഞല്ലൊ, അഞ്ചുവർഷം തടവു മാത്രമാണ്. നമ്മൾ കിണഞ്ഞുശ്രമിച്ചാൽ മാത്രമേ അങ്ങനെയൊരു ശിക്ഷ വാങ്ങിക്കൊടുക്കാൻ കഴിയുകയുള്ളൂ. ശിക്ഷ കിട്ടിയാൽത്തന്നെ ഒരു ദിവസംപോലും തടവിൽക്കഴിയാതെ അതിൽനിന്നൂരിപ്പോരാനുള്ള സാധ്യതയാണേറെയുള്ളത്. നമ്മുടെ ദൗത്യം കൃത്യമായ അന്വേഷണത്തിലൂടെ പ്രതിയെ കോടതിയുടെ മുമ്പിൽ പ്രസന്റ് ചെയ്യുക മാത്രം.” സി.ഐ. പറഞ്ഞു.

“ഈ കേസിൽ പ്രധാന തൊണ്ടിസാധനങ്ങൾ ആരോ ഒളിപ്പിക്കുകയോ നശിപ്പിക്കുകയോ ചെയ്തിട്ടില്ലേ?”

“ഉണ്ട്. അതു ചെയ്തവനാണ് യഥാർത്ഥ പ്രതി. ഈ കേസ് ദുർബലമാക്കുന്ന പ്രധാനസംഗതിയും തൊണ്ടിമുതലില്ലാത്തതാണ്. മുറിപൂട്ടാതിരുന്നതെങ്ങനെയെന്നും കണ്ടെത്തണം. മിക്കവാറും ശ്രീജിത്തിനെ ചോദ്യം ചെയ്യുമ്പോൾ കാര്യങ്ങൾ കൂടുതൽ വ്യക്തമായേക്കും.”

“അവനെ ചോദ്യം ചെയ്യാൻ എന്തോ ഒരു ബ്ലോക്കില്ലേ, സാർ?”

“ഇല്ല. ഇപ്പോൾ റൂട്ട് ക്ലിയറാണ്.”

“അവനും എല്ലാം നിഷേധിച്ചേക്കും. അല്ലെങ്കിൽ മൗനിയാകും.”

“രീതികൾ അല്പം മാറ്റിപ്പിടിക്കേണ്ടി വരും. ഇതിനിടെ മറ്റു ട്വിസ്റ്റുകൾ ഉണ്ടാകാതിരുന്നാൽ നമ്മുടെ ഭാഗ്യം.”

“സാറെന്താ ഉദ്ദേശിച്ചത്?”

“ഈ റോണി ഒരു ദുർബലനാണ്. ഒരു വികാരജീവിയാണ്. ആകെ വിരണ്ടാണ് പോയിരിക്കുന്നത്. അവനെന്തെങ്കിലും വികൃതി കാണിച്ചാൽ ജനമെല്ലാംകൂടി നമുക്കിട്ടു പൊങ്കാലയിടും.’

“ഇപ്പോൾ അവൻ ഒറ്റയ്ക്കല്ലല്ലോ. സ്വന്തം വീട്ടിൽ ചെന്നു താമസിക്കാൻ തുടങ്ങിയല്ലോ. ഒറ്റപ്പെട്ട ജീവിതത്തിലാണ് പലരെയും ദുർച്ചിന്തകൾ പിടികൂടുന്നത്.”

“രാജീവൻ പറഞ്ഞതു കറക്ടാണ്. ഒറ്റപ്പെടുന്നവരുടെ എണ്ണം വർദ്ധിക്കുന്നതും സമൂഹത്തിൽ ആത്മഹത്യകൾ വർദ്ധിക്കുന്നതിന്റെ കാരണങ്ങളാണ്.”

സി.ഐ. മോഹൻകുമാർ പറഞ്ഞു.

അപ്പോൾ അദ്ദേഹത്തിന്റെ ക്യാബിൻ ഡോറിൽ ആരോ തട്ടി.

“യേസ്.” സി.ഐ. അനുമതി നൽകി.

അറ്റൻഡർ ബെന്നിയാണ് കടന്നുവന്നത്.

“സാർ, ആ ജീനായുടെ കേസിലെ വാദി, പാലച്ചുവട്ടിൽ ടോണി കാണാൻ വന്നിട്ടുണ്ട്. കുറച്ചേറെ നേരമായി പുറത്തു വെയ്റ്റ് ചെയ്യുന്നു.” അറ്റൻഡർ പറഞ്ഞു.

“കയറി വരാൻ പറയ്.” സി.ഐ. പറഞ്ഞു. എച്ച്. സി. രാജീവൻ സീറ്റിൽനിന്നെഴുന്നേറ്റ് സി.ഐ. യെ സല്യൂട്ട് ചെയ്തിട്ട് ഇറങ്ങിപ്പോയി. പെട്ടെന്നുതന്നെ പാലച്ചുവട്ടിൽ ടോണി ക്യാബിനിലേക്കു കടന്നുവന്നു.

“ങാ... ടോണി, അങ്ങോട്ടിരിക്ക്.” സി.ഐ. എതിർവശത്തെ കസേര ചൂണ്ടിപ്പറഞ്ഞു.

അവൻ തെല്ലു മടിയോടെ കസേരയിൽ കടന്നിരുന്നു.

“ടോണീ, പോലീസ് ഊർജ്ജിതമല്ലെന്നു പറഞ്ഞ് കോടതീൽ കേസുകൊടുത്തെന്നു കേട്ടു.”

“അത്... അഡ്വക്കേറ്റ് പറഞ്ഞതുകൊണ്ട്...”

“നമുക്കൊരു കുഴപ്പവുമില്ല. ഞങ്ങടെ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് കോടതീലോട്ടു തന്നെ വിടും. താമസിക്കുന്നു എന്നു പറഞ്ഞാൽ അതിനു പല കാരണങ്ങളുണ്ട്. ഇപ്പോൾ ടോണിയെന്താ വന്നത്?”

“സാറേ... ഞാൻ സംശയിച്ചതു സംഭവിക്കുകാ സാറേ. അവൻ, റോണിയിപ്പം അപ്പന്റെ കൂടെ വീട്ടിൽ ചെന്ന് താമസം തുടങ്ങി. അപ്പൻ നേരത്തേ റോണിക്കു കല്യാണം പറഞ്ഞ പെണ്ണിന്റെ ആങ്ങളയാ അവന്റെ വക്കീല്. ആ പെണ്ണ്, കെട്ടിയവൻ മരിച്ചിട്ടിപ്പം വീട്ടിൽ വന്നു നിൽക്കുകാ. വലിയ താമസം കൂടാതെ, അവരു തമ്മിലുള്ള കെട്ടും നടക്കുമെന്നാ കേൾക്കുന്നെ. റോണി എന്റെ പെങ്ങളെ സ്നേഹിച്ചു ചതിക്കായിരുന്നു സാറെ. അവനെക്കൂടി പ്രതിപ്പട്ടികയിൽ ചേർക്കണം. അന്വേഷിക്കണം.” ടോണി സങ്കടത്തോടെ പറഞ്ഞു.

“ടോണീ, താങ്കൾ പറഞ്ഞതുപോലെ മേടയ്ക്കൽ റോണിയെ പ്രതിപ്പട്ടികയിലേക്കു പുതിയതായി ചേർക്കേണ്ട ആവശ്യമില്ല. എന്റെ അന്വേഷണത്തിൽ അവൻ മുഖ്യപ്രതിതന്നെയാണ്. രണ്ടു തവണ അവനെ ചോദ്യം ചെയ്തു കഴിഞ്ഞു. ഇനിയും ചോദ്യം ചെയ്യും.” സി.ഐ. പറഞ്ഞു.

“അവനെ പ്രതി ചേർത്തവിവരം ഞാനറിഞ്ഞിരുന്നില്ല. അതുകൊണ്ടാണ്...”

“സാരമില്ല. അന്വേഷണം ഊർജിതംതന്നെയാണ്. അതിന് ഒരു തെളിവുകൂടി ഞാൻ ടോണിക്കു തരാം.” അങ്ങനെ പറഞ്ഞിട്ട് മേശയിലുണ്ടായിരുന്ന ജീനായുടെ മുഖച്ചിത്രം എടുത്ത് അവനു കൊടുത്തു. ടോണി വിസ്മയത്തോടെ അതു നോക്കിക്കണ്ടു.

“ഇതാരുടെ ചിത്രമാണ്?” സി.ഐ. അവനോടു തിരക്കി.

“ഇത്... എന്റെ പെങ്ങളുടെ ചിത്രമാണ്.” ടോണി പറഞ്ഞു.

“അതു വരച്ചയാളിന്റെ പേര് ചിത്രത്തിനടിയിൽ ചേർത്തിട്ടുണ്ട്. നോക്ക്.”

“കണ്ടു. ശ്രീജിത്ത്! ഇവനേതാണ് സാർ?”

“ടോണിയുടെ പെങ്ങളുടെ സഹപാഠി. മരണത്തിന്റെ തലേന്നാൾ ഉച്ചയോടെ ഇവൻ അവളെ കാണാനവിടെ ചെന്നിരുന്നു. അപ്പോൾ സമ്മാനമായി പെങ്ങൾക്കു കൊടുത്തതാണ്. ഈ ശ്രീജിത്ത് പ്രശസ്തമായ കൺസ്ട്രക്ഷൻ കമ്പനിയിലെ ചീഫ് ആർക്കിടെക്റ്റാണ്. തന്റെ പെങ്ങളുടെ സഹപാഠിയും. ശ്രീജിത്തിന്റെ സന്ദർശനത്തെച്ചൊല്ലി റോണിയും ജീനായും തമ്മിൽ വലിയ വഴക്കുണ്ടായി.

“ഇത്.... ഒരു കഥയാണോ? സത്യമാണോ? സാർ?”

“സത്യം. അവൻ അവൾ തനിച്ചുള്ളപ്പോൾ ആ വീട്ടിൽ ചെന്നിരുന്നതായി അയൽക്കാരന്റെ മൊഴിയുണ്ട്. സുധാകരൻ എന്ന അയൽവാസിയോടു തിരക്കിയാണ് അവൻ പെങ്ങളുടെ വാടകവീട് കണ്ടെത്തിയത്.” സി.ഐ. പറഞ്ഞു.

“എന്റെ പെങ്ങൾക്ക് അങ്ങനെയൊരാളുമായി ബന്ധമുണ്ടായിരുന്നില്ല. ഒരു കാര്യവും അവൾ എന്റടുത്തൂന്ന് മറച്ചുവയ്ക്കുമായിരുന്നില്ല.” ടോണി പതർച്ചയോടെ പറഞ്ഞു.

“ശ്രീജിത്ത്, തന്റെ പെങ്ങൾക്കൊപ്പം എഞ്ചിനീയറിങ് കോളജിൽ പഠിച്ചിരുന്നയാളാണ്. അവർ സുഹൃത്തുക്കളായിരുന്നു. ശ്രീജിത്തിന്റെ സന്ദർശനം നിശ്ചയമായും ജീനായുടെ മരണത്തിനു വഴിയൊരുക്കിയെന്ന് സാഹചര്യത്തെളിവുകൾ വ്യക്തമാക്കുന്നു.”

ടോണി എല്ലാം കേട്ട് മിഴിച്ചിരുന്നു. ആരാണു കുറ്റക്കാരൻ? ആരാണ് നിരപരാധി? ഒന്നും നിജപ്പെടുത്താൻ കഴിയാത്ത സാഹചര്യം.

“ടോണീ, ഞാനിതൊക്കെ പറഞ്ഞത് പോലീസ് ഏതെല്ലാം രീതിയിൽ അന്വേഷിക്കുന്നുണ്ടെന്നു ബോധ്യപ്പെടുത്താനാണ്. മറ്റുള്ളവരും വക്കീലുമൊക്കെ പറയുന്നതുകേട്ട് ഞങ്ങളെ കുറ്റപ്പെടുത്തുന്നതിനുമുമ്പ് യാഥാർത്ഥ്യം അറിയട്ടെയെന്നു കരുതിയാ പറയുന്നത്.”

“എന്റെ പെങ്ങളുടെ മരണത്തിനു കാരണമായവർക്ക് എന്തെങ്കിലുമൊരു ശിക്ഷ കിട്ടിക്കാണാനാണ് സാർ ഞാനിങ്ങനെ കയറിയിറങ്ങുന്നത്.” ടോണി സി.ഐ. യ്ക്കു മുമ്പിൽ കൈകൂപ്പി വിങ്ങിക്കൊണ്ടു പറഞ്ഞു.

“ടോണീ, താൻ വിശ്വസിക്ക്. ഞാനെന്റെ മാക്സിമം ഈ കേസ് തെളിയിക്കാൻ വേണ്ടി ശ്രമിക്കും. ദുരന്തങ്ങളും ചുമന്ന് കഷ്ടപ്പെട്ടു ജീവിക്കുന്ന തന്നെ ഒരു വാദിയായിട്ടല്ല, അനുജനായിട്ടാ ഞാൻ കാണുന്നത്. സമാധാനത്തോടെ പൊയ്ക്കോ.”

ടോണി പോകാനെഴുന്നേറ്റു.

(തുടരും)




“അങ്ങനെ അച്ഛന്റെ വാക്കുംകേട്ട് അന്നു പുലർച്ചെ തന്നെ ഞാൻ ഗ്രാമത്തിലേക്കു തിരിച്ചു. കാട്ടിൽനിന്നും വളരെ ദൂരം നടന്നാണ് ഞാൻ ഗ്രാമത്തിന്റെ അടുത്തെത്തിയത്.” കഥ പറഞ്ഞുനിർത്തിയ ഡോസി കീരയെയും റായലിനെയും നോക്കി. പെട്ടെന്നു കീര ചോദിച്ചു:

“ഗ്രാമത്തിലേക്കുള്ള വഴി നീ എങ്ങനെ കണ്ടെത്തി?”

“അതോ, പുലർച്ചെ ഞാൻ ഗുഹയിൽനിന്നും ഇറങ്ങുന്ന നേരം പുറത്ത് ക്ലീറ നിന്നിരുന്നു.”

“ക്ലീറയോ?”

“അതെ.” ഡോസി ആ കഥ കൂടി പറയാൻ തുടങ്ങി.

അതിരാവിലെയാണ് ഡോസി പോകാനായി ഇറങ്ങിയത്. അപ്പോൾ അതാ നിൽക്കുന്നു ക്ലീറ. ക്ലീറയെ കണ്ടതും ഡോസിക്കു സന്തോഷമായി.

“എനിക്കറിയാം.. നീ വരുമെന്ന്” ഡോസി പറഞ്ഞു.

“ഞാൻ ആലോചിച്ചുനോക്കിയപ്പോൾ നീ രാജാവാകുന്നതു തന്നെയാ നല്ലത്. മൃഗങ്ങൾക്കു സന്തോഷത്തോടെ കാട്ടിൽ താമസിക്കാമല്ലോ. പക്ഷേ, അത് അത്ര എളുപ്പവും അല്ല.”

“ഞാൻ അതിനുവേണ്ടി ഗ്രാമത്തിലേക്കു പോകുകാ.”

“അവിടെ എന്താ?”

“അവിടെ അച്ഛന്റെ ഒരു കൂട്ടുകാരനുണ്ട്. പുള്ളിയെ കണ്ടാൽ ഗുണം ഉണ്ടാകുമെന്നാണ് അച്ഛൻ പറഞ്ഞത്.”

“അതെയോ. എന്നാൽ വൈകണ്ട.”

“പക്ഷേ, ഗ്രാമത്തിലേക്കുള്ള വഴി അച്ഛൻ പറഞ്ഞുതന്ന അറിവ് മാത്രമേയുള്ളൂ. ഞാൻ പോയിട്ടില്ലല്ലോ.”

“നീ എന്റെ ഒപ്പം വാ.”

ക്ലീറ, ഡോസിയെ കൂട്ടി കാട്ടിലൂടെ നടന്നു. കുറച്ചുദൂരം ചെന്നപ്പോൾ ക്ലീറ പറഞ്ഞു:

“ചങ്ങാതീ... നീ ഈ കാണുന്ന വഴിയിലൂടെ പോകണം. വേറെയും വഴികൾ കാണും. അതിലേക്കു കയറിപ്പോകരുത്.”

“അപ്പോൾ നീ വരുന്നില്ലേ?” ഡോസി ചോദിച്ചു.

“എനിക്കു വരണമെന്നുണ്ട്. പക്ഷേ, നീ പോയിവരുമ്പോൾ ചിലത് എനിക്ക് ഇവിടെ ചെയ്തുവയ്ക്കാനുണ്ട്. നിനക്കു തോല്പിക്കേണ്ടത് രാജാവിനെയാണ്. അതും സിംഹത്തെ. നീ പോയി വാ. ഇവിടെ നിനക്കുവേണ്ടി ചിലത് ഞാൻ ചെയ്തുവെക്കും. ഉറപ്പായും അത് ഗുണം ചെയ്യും.” ക്ലീറ ഉറപ്പു നൽകി. അങ്ങനെയാണ് ഡോസി ഗ്രാമത്തിലേക്കു വന്നത്. കഥ കേട്ടു കഴിഞ്ഞപ്പോൾ കീര ചലനമില്ലാതെ ഇരിക്കുകയാണ്.

‘‘എന്താണ് കീരാ, ഞാൻ പറഞ്ഞത് തമാശയായി തോന്നുന്നോ?”

“അല്ല ഡോസി. നിനക്കു പോകേണ്ട ഒരു സ്ഥലം പറഞ്ഞില്ലേ. രാജൻ പാമ്പിന്റെ അടുത്തേക്ക്.‘

“അതെ..”

“ഡോസീ... നമ്മൾ ഇപ്പോൾ ഇരിക്കുന്നത് രാജൻപാമ്പിന്റെ സ്ഥലത്താണ്.”


ഡോസി ഞെട്ടി.

ഡോസിക്കു തീരെ വിശ്വാസം വന്നില്ല. അവൻ വീണ്ടും എടുത്തുചോദിച്ചു. അപ്പോഴും കീര അതുതന്നെയാണ് പറഞ്ഞത്.

‘‘രാജൻപാമ്പ് ഇവിടെയായിരുന്നു താമസം.”

‘‘ഇപ്പോൾ എവിടെയാണ് രാജൻ പാമ്പ്?‘

റായൽ ആണ് ചോദിച്ചത്. കീര ദീർഘമായി ശ്വാസമെടുത്തു. എന്നിട്ടു പറഞ്ഞു.



“കുറച്ചു മാസങ്ങൾക്കുമുമ്പ് കുറച്ചാളുകൾ ചേർന്ന് രാജനെ പിടികൂടി. ഇവിടെനിന്നു വളരെ ദൂരെ കൊണ്ടുപോയി. എങ്ങോട്ടാണെന്ന് അറിയില്ല.”

‘‘‘അയ്യോ.. ഇനി ഞാൻ എന്തു ചെയ്യും? ഇത്രയും ദൂരം വന്നത് വെറുതെയായിപ്പോയല്ലോ. പാമ്പിനെയും കാണാൻ കഴിഞ്ഞില്ല. കുതിരയെയും കാണാൻ കഴിഞ്ഞില്ല.”

ഡോസിക്കു നന്നായി വിഷമം തോന്നി. പ്രതീക്ഷയോടെ വന്നതല്ലേ. പക്ഷേ...

“നീ വിഷമിക്കണ്ട. മറ്റൊരു വഴി തെളിയും.” കീര സമാധാനിപ്പിക്കാൻ ശ്രമിച്ചു.

“പാമ്പു വിചാരിച്ചാൽ എന്നെ സഹായിക്കാൻ കഴിയുമായിരുന്നു. പക്ഷേ ഇനി.”

‘‘ഹ്മ്.. നീ കുറച്ചുനേരം വെറുതെയിരിക്ക്... ഒരുവഴി എന്തായാലും നമുക്കു കണ്ടെത്താൻ പറ്റും.” കീര പാറയിൽ നിന്നും എഴുന്നേറ്റു പുറത്തേക്കു നടന്നു.

“നീ എങ്ങോട്ടാണ് പോകുന്നത്..” റായൽ വിളിച്ചുചോദിച്ചു.

“ഡോസി കുറച്ചു നേരം വിശ്രമിക്കട്ടെ. ഒറ്റയ്ക്കിരിക്കുമ്പോൾ പുതിയ ആശയങ്ങൾ തോന്നും. നീ എന്റെ കൂടെ വാ.. നമുക്കു പുറത്തെ അവസ്ഥയൊന്നു മനസ്സിലാക്കി തിരികെവരാം.” അവർ ഇരുവരും പോയപ്പോഴും ഡോസി ചിന്തയിൽ ഇരിക്കുകയാണ്. അവന്റെ മനസ്സിൽ പുതിയ ഒരു ആശയം തോന്നി.

“ഞാൻ രാജാവാകാൻ ആഗ്രഹിച്ചത് രാജൻപാമ്പിനെ കണ്ടിട്ടല്ല. പാമ്പ് സഹായിക്കുമെന്നു കരുതിയുമല്ല. മൃണയെ കണ്ടിട്ടുമല്ല. എന്റെ ആഗ്രഹം കാരണമാണ് രാജൻ പാമ്പിനെപ്പറ്റി ഞാൻ അറിയുന്നതുതന്നെ. രാജൻ പാമ്പിനെ തേടി വന്നതുകൊണ്ടാണ് ഇപ്പോൾ ഞാൻ ഇവിടെ നിൽക്കുന്നത്. ആഗ്രഹമുണ്ടെങ്കിൽ അവസരവും ഉണ്ടാകും. സഹായിക്കാൻ ആളും ഉണ്ടാകും. ഞാൻ എന്തിന് ഒരിക്കലും കാണാൻ സാധ്യതയില്ലാത്ത രാജൻ പാമ്പിനെപ്പറ്റി ചിന്തിച്ചു സമയം കളയുന്നു.” ഡോസി എന്തോ തീരുമാനിച്ചിരുന്നു.

“സിംഹരാജനെ ശക്തികൊണ്ടു തോല്പിക്കാൻ ഒരുപക്ഷേ എനിക്കു കഴിയില്ല. എന്നാൽ ബുദ്ധികൊണ്ടു തോൽപിക്കാൻ എനിക്കു കഴിയും. എനിക്കു രാജാവാകണമെങ്കിൽ സിംഹരാജൻ പരാജയപ്പെടണമല്ലോ.” അവൻ ചാടിയെഴുന്നേറ്റ് ചുറ്റും ഒന്നു നോക്കി.

പുതിയ ഒരു പദ്ധതിക്ക് ഡോസി രൂപം നൽകി.

‘‘ഇതു കൊള്ളാം.. എന്റെ പദ്ധതി കീരയോടും റായലിനോടും പറയാം.”

ഡോസി ഇരുവരെയും കാത്തിരിക്കാൻ തുടങ്ങി. കുറച്ചു നേരം കഴിഞ്ഞപ്പോൾ കീരയും തേളും അതാ വരുന്നു. ഡോസി ആവേശത്തോടെ അവരുടെ അടുത്തേക്കു ചെന്നു.

‘‘എന്താ ഡോസീ. നല്ല സന്തോഷത്തിലാണല്ലോ. നീ പൊന്നിവനത്തിലേക്കു തിരികെ പോകാൻ തീരുമാനിച്ചോ?”

“മ്മ്മ് തീരുമാനിച്ചു.”

“ശരിക്കും!”

“അതെ.” ഡോസി കൂടുതൽ ആവേശത്തിൽ പറഞ്ഞു.

കീരയുടെ മുഖത്ത് ചെറിയ സംശയം തോന്നിത്തുടങ്ങിയത് ഡോസി ശ്രദ്ധിച്ചു.

“കീരാ ഞാൻ രാജാവാകാൻ വേണ്ടിയൊരു പുതിയ പദ്ധതി കണ്ടെത്തി.”

“യുദ്ധം..”

“യുദ്ധമോ?” റായൽ ഞെട്ടി.

‘‘അതേ ചങ്ങാതീ യുദ്ധം തന്നെ...”

“സിംഹരാജനെ യുദ്ധം ചെയ്തു തോല്പിക്കാൻ പറ്റുമോ?”

“എനിക്ക് ഒറ്റയ്ക്കു പറ്റില്ല. പക്ഷേ, നമ്മൾ വിചാരിച്ചാൽ ഉറപ്പായും പറ്റും.”

ഡോസി പറഞ്ഞത് കീരയ്ക്കും റായലിനും മനസ്സിലായില്ല.

“നീ എന്തൊക്കെയാണു പറയുന്നത്?” കീര ചോദിച്ചു.

“ഞാൻ പറയുന്നതു മുഴുവൻ കേൾക്ക്.”

“എന്തു കേൾക്കാൻ. രാജാവിന്റെ കൂടെ പുലിയും കടുവയും കരടിയും ആനയും കുറുക്കനുമെല്ലാം ഉണ്ട്. കഴുകനും ഗരുഡനും ഉണ്ട്. മുതലയും ചീങ്കണ്ണിയും ഉണ്ട്. നമ്മുടെ കൂടെ ആരുണ്ട്?”

“നീ പറഞ്ഞതു ശരിയാണ്.. അവരെല്ലാം രാജാവിന്റെ കൂടെയുണ്ട്. നമുക്കും ഒരു സൈന്യത്തെ ഉണ്ടാക്കിക്കൂടെ?”

“മനസ്സിലായില്ല.”

“യുദ്ധം ശക്തികൊണ്ടു മാത്രമല്ല. ബുദ്ധികൊണ്ടും ചെയ്യാം. നിങ്ങൾ എന്റെ കൂടെ നിൽക്കുമോ?” ഡോസി പെട്ടെന്നു ചോദിച്ചപ്പോൾ പൂച്ചയും തേളും മുഖാമുഖം നോക്കി. അതു കണ്ടപ്പോൾ ഡോസിക്കു വിഷമം തോന്നി. അവർ കൂടെനിൽക്കില്ലെന്നു തോന്നി.

കുറച്ചു നേരം കഴിഞ്ഞപ്പോൾ കീര പറഞ്ഞു:

“ഞാൻ റെഡി.”

“ഞാനും.”

തൊട്ടുപിന്നാലെ റായലും പറഞ്ഞു. ഡോസിയുടെ കണ്ണുകൾ സന്തോഷംകൊണ്ടു നിറഞ്ഞു.

“ഇനി പറ. എന്താണു നിന്റെ പദ്ധതി?”

(തുടരും)




## വിലപ്പെട്ട സമ്പാദ്യം

**കോ**ൺറാഡ് ചക്രവർത്തി ഒരിക്കലൊരു ജർമൻകോട്ട പിടിച്ചടക്കുവാൻ ഒരുമ്പെട്ടു. പക്ഷേ, കോട്ടയ്ക്കുള്ളിലെ ജനം ചെറുത്തു നിന്നു. കീഴടക്കാനുള്ള ചക്രവർത്തിയുടെ അന്ത്യശാസനത്തെ ജനം തള്ളിക്കളഞ്ഞു. കോപാക്രാന്തനായ ചക്രവർത്തി കോട്ടയ്ക്കുള്ളിലെ ജനങ്ങൾക്കെതിരേ അതിക്രൂരമായ പടനീക്കം നടത്തി. കോൺറാഡിന്റെ പടയാളികൾക്കുമുന്നിൽ അവർ കീഴടങ്ങപ്പെട്ടു.

അന്ത്യശാസനം നിരസിച്ചതിലുള്ള ശിക്ഷയായി സകലരെയും വധിക്കുവാൻ ചക്രവർത്തി ആജ്ഞാപിച്ചു. അദ്ദേഹത്തിന്റെ കിങ്കരന്മാർ വാൾ ഉറയിൽനിന്ന് ഊരുംമുമ്പേ ചക്രവർത്തിയുടെ മനസ്സു മാറി. സ്ത്രീകളും കുട്ടികളും അവരുടെ വിലപ്പെട്ട സമ്പാദ്യവുമായി രക്ഷപ്പെട്ടുകൊള്ളുവാൻ അദ്ദേഹം അനുമതി നൽകി. ബാക്കിയുള്ളവരെ വധിക്കുവാനായിരുന്നു ചക്രവർത്തിയുടെ തീരുമാനം.



എന്നാൽ, സ്ത്രീകളും കുട്ടികളും കോട്ടയ്ക്കുള്ളിൽനിന്ന് നടന്നു നീങ്ങിയത് പൊന്നും പണവുമായിട്ടായിരുന്നില്ല. അവർ തങ്ങളുടെ കുടുംബാംഗങ്ങളായ പുരുഷന്മാരെ കൈയിൽ പിടിച്ച് നടത്തിക്കൊണ്ടുപോയി. പട്ടാളം തടഞ്ഞപ്പോൾ അവർ പറഞ്ഞു: ‘‘ഞങ്ങളുടെ കുടുംബാംഗങ്ങളായ ഇവരാണ് ഞങ്ങളുടെ ഏറ്റവും വലിയ സമ്പാദ്യം. ഇവരെ കൊണ്ടുപോകാൻ ദയവായി അനുവദിക്കണം.”

അവർ പറഞ്ഞ കാര്യം ചക്രവർത്തിയും അറിഞ്ഞു. അവരെ തടയുവാൻ അദ്ദേഹം തുനിഞ്ഞില്ല. തങ്ങളുടെ ഏറ്റവും വിലപ്പെട്ട സമ്പാദ്യം എന്താണെന്നു തീരുമാനിക്കാനുള്ള അവകാശം അദ്ദേഹം തന്നെ അവർക്കു നൽകിയതാണല്ലോ!

മാതാപിതാക്കളുടെ ഏറ്റവും വിലപ്പെട്ട സമ്പത്തു മക്കളായിരിക്കണം. മക്കളുടേതു മാതാപിതാക്കളും. ഭർത്താവിന്റേതു ഭാര്യയായിരിക്കണം. ഭാര്യയുടേതു ഭർത്താവും. എങ്കിൽ മാത്രമേ കുടുംബത്തിന് അർത്ഥമുണ്ടാകൂ. കുടുംബജീവിതത്തിന് യഥാർത്ഥ സന്തുഷ്ടിയും സൗഭാഗ്യവുമുണ്ടാകൂ.

# ജീവിക്കാൻ വേണ്ടി ജോലി ചെയ്യണോ? ജോലി ചെയ്യാനായി ജീവിക്കണോ?



ജോർജ്ജ് കാടങ്കാവിൽ
ഡയറക്ടർ, ബെത്‌ലെഹം മാട്രിമോണിയൽ
92493 92518

ജോലിയുടെ സമ്മർദവും മത്സരങ്ങളുംമൂലം ജീവിക്കാൻമറന്നുപോകുന്നവരും,ജീവിതം ദുസ്സഹമായവരും നമുക്കിടയിൽ ഇന്നു ധാരാളം. **'ഏറ്റവും മുന്തിയതു നേടി'** എന്ന് ആരെയൊക്കെയോ കാണിക്കാനായി അമിതാവേശത്തിൽ നടത്തുന്ന നെട്ടോട്ടങ്ങളും കാപട്യങ്ങളും, മത്സരങ്ങളും ജീവിതം ഏറ്റവും മികച്ചതാക്കാൻ ശ്രമിക്കുന്നതിന്റെ **കടബാധ്യതകളുമാണ്** പലരുടെയും സമ്മർദങ്ങളുടെ കാരണം.

പഠിക്കുന്ന കാലത്ത് ഉന്നതവിദ്യാഭ്യാസത്തിന്റെയും, പഠനം കഴിയുമ്പോൾ ഏറ്റവും ഉയർന്ന ജോലി നേടാനും, കിട്ടിയ ജോലിയിൽ കൂടുതൽ ഉയരാനും, ജീവിതത്തിൽ എന്നും സമ്മർദം തന്നെയാണിവർക്ക്. ജീവിതത്തിൽ ജോലിയുടെ പ്രാധാന്യം എന്താണെന്നു മനസ്സിലാക്കിയാൽ ഈ സമ്മർദങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യാം.

അതിന് ആദ്യം ജീവിതം എന്താണെന്നും, കുടുംബം എന്താണെന്നും, ജോലി ചെയ്യുന്നത് എന്തിനാണെന്നും, എന്താണിതിന്റെ പ്രയോജനങ്ങൾ എന്നും ഒരു ധാരണ സ്വയം വളർത്തിയെടുക്കണം.

### ജീവനവും ഉപജീവനവും

ഒരു സ്ത്രീയും ഒരു പുരുഷനും ചേർന്നാണ് ഓരോ കുഞ്ഞിനും ജന്മം നൽകുന്നത്. ആൺകുഞ്ഞോ പെൺകുഞ്ഞോ ആയിട്ടാണ്, ഓരോ കുഞ്ഞും ജന്മം കൊള്ളുന്നത്.

ജന്മം നൽകിയ സ്ത്രീയും പുരുഷനും, ആദ്യം അവരുടെ മാതാപിതാക്കളുടെ കുഞ്ഞായി ജനിച്ചു, അവരുടെ സംരക്ഷണത്തിൽ ഓരോന്നു പഠിച്ചു വളർന്നു, കാലത്തിന്റെ തികവിൽ ഇണകളായി, പരസ്പരം ഇണയും തുണയുമായി അവരുടെ മാതാപിതാക്കൾക്കും തുണയായി വളർന്നവരാണ്. ഇനി പ്രകൃതിധർമ്മം നിറവേറ്റി സ്വന്തം കുടുംബം സൃഷ്ടിച്ചുവളർത്തി, തങ്ങളുടെ അദ്ധ്വാനഫലങ്ങൾ പിന്തുടരണം, പ്രായമേറുമ്പോൾ തങ്ങൾക്കും തുണയാകണം എന്നൊക്കെ ആഗ്രഹിച്ച്, അവർ സ്വന്തം കുഞ്ഞുങ്ങൾക്കു ജന്മം കൊടുക്കുന്നു.

അനേകം തലമുറകളായി ഇതാണ് മനുഷ്യൻ ആവർത്തിച്ചുവരുന്നത്. ഇതു തുടർന്നുകൊണ്ടേയിരിക്കും, കാരണം, പ്രകൃതി അങ്ങനെയാണ് ജീവികളെ സൃഷ്ടിച്ചിരിക്കുന്നത്.

സിവിലൈസ്ഡ് സമൂഹത്തിൽ, ജന്മം നൽകിയ സ്ത്രീയും പുരുഷനും അവരുടെ കുഞ്ഞിനു പ്രായപൂർത്തി ആകുന്നതുവരെ കുഞ്ഞിനെ സംബന്ധിച്ച എല്ലാ കാര്യങ്ങൾക്കും മാതാവും പിതാവും എന്ന നിലയിൽ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടവരാണ്. ഒരു വ്യക്തിക്കു പ്രായപൂർത്തിആകുംവരെ അയാളെസംബന്ധിച്ച നിയമപരമായ രേഖകളിൽ ഒപ്പുവയ്ക്കേണ്ടത്, അയാളുടെ രക്ഷാകർത്താവായിരിക്കണം എന്നതാണ് നാടിന്റെ വ്യവസ്ഥ.

സാധാരണഗതിയിൽ മാതാപിതാക്കളാണ് അയാൾക്കുവേണ്ടി ഉത്തരവാദിത്വം ഏറ്റെടുക്കുന്ന രക്ഷാകർത്താക്കൾ. മാതാപിതാക്കളില്ലാതെ പോകുന്ന സാഹചര്യത്തിൽ ബന്ധുക്കളോ, അനാഥരാണെങ്കിൽ അവരെ സംരക്ഷിക്കാൻ സന്നദ്ധതയുള്ള വ്യക്തികളോ സ്ഥാപനമോ ആ സ്ഥാനം ഏറ്റെടുക്കാറുണ്ട്.

തനിച്ചു ജീവിക്കാൻ സാധിക്കാത്ത ജീവിയായിട്ടാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. കുഞ്ഞായിരിക്കുമ്പോഴും, വാർദ്ധക്യത്തിലും, രോഗം വരുമ്പോഴും മറ്റും, മറ്റാരുടെയെങ്കിലും സഹായവും സംരക്ഷണവും സ്നേഹവും ലഭിക്കാതെ, ജീവിതാവശ്യങ്ങൾ നടത്തിയെടുക്കാൻ ആർക്കും സാധിക്കില്ല. പ്രകൃതിദത്തമായിത്തന്നെ ജന്മനാ വിശേഷബുദ്ധി ലഭിച്ചിട്ടുള്ള മനുഷ്യൻ, അതിനായി കണ്ടെത്തിയ ഏറ്റവും ഉത്തമമാർഗമാണ് കുടുംബം എന്ന സംവിധാനം. രോഗങ്ങളോ, അപകടങ്ങളോ, ശത്രുക്കളുടെ ആക്രമണമോ, പ്രകൃതി ദുരന്തങ്ങളോ ഒക്കെ നേരിടേണ്ടിവരുമ്പോൾ, സ്വന്തം കുടുംബം ഉള്ളവർക്ക് പരസ്പരം തുണയാകാൻ കഴിയും. അതിനാൽ, നിസ്സഹായാവസ്ഥയിലുള്ള ഒരു കുഞ്ഞായിരുന്നപ്പോൾ മുതൽ നമുക്കു ലഭിച്ച സ്നേഹവും കരുതലും തുണയും, അതിലധികമായി പരമാവധി തിരികെനൽകേണ്ടത്, ഓരോ മനുഷ്യന്റെയും ധർമ്മമാണ്, കടമയാണ്.

ആരോടും പങ്കാളിത്തമില്ലാതെ, സ്നേഹവും കരുതലും തുണയും, കൊടുക്കാനും ലഭിക്കാനും ഉറ്റവരാരുമില്ലാതെ, ഞാൻ മാത്രം, എന്റേതു മാത്രം, എന്നൊക്കെ ഓരോ സ്വാർത്ഥതയാൽ ഒറ്റപ്പെട്ടു ജീവിക്കുന്നവരാണ്, ഇണയും തുണയും ഒന്നുമില്ലാതെ, പ്രതിസന്ധികളിൽ തളർന്നു പരാജയപ്പെടുന്നത്.

നമ്മളിൽ ബഹുഭൂരിപക്ഷവും ജനനം മുതൽ വളർന്നുവരുന്നത് മാതാപിതാക്കളും സഹോദരങ്ങളും ബന്ധുക്കളും അടങ്ങുന്ന, കുടുംബം എന്ന സംവിധാനത്തിലൂടെയാണ്. കുടുംബത്തിലെ ദൈനംദിന ആവശ്യങ്ങൾ നടത്തണമെങ്കിൽ അതിനുള്ള വരുമാനം അവർക്കുണ്ടാകണം. അതു ലഭിക്കാൻ, ഓരോ മനുഷ്യരും, ധനമോ സാധനങ്ങളോ സേവനങ്ങളോ ലഭിക്കുന്ന എന്തെങ്കിലും പ്രവൃത്തിയിൽ ഏർപ്പെടുന്നു. അതാണ് അവരുടെ തൊഴിൽ. അതേ, **നമ്മുടെ ജീവനം പരിപാലിക്കാനുള്ള ഉപജീവനമാർഗമാണ് തൊഴിൽ എന്നത്.**

സാധാരണമായി ഓരോ കുടുംബത്തിലും, ആ കുടുംബനാഥനും കുടുംബനാഥയും കൂടിയാണ് ഉപജീവനമാർഗം കണ്ടെത്തി കുടുംബം നടത്തുന്നത്. കുടുംബാംഗങ്ങളും അവരവർക്കു സാധിക്കുന്ന രീതിയിൽ ഇതിൽ പങ്കുചേരുന്നു. ജനിച്ചപ്പോൾമുതൽ ഇതിന്റെ പങ്കുപറ്റിയാണ് നമ്മൾ നമ്മളായി വളർന്നത്.

വരുമാനം ഉണ്ടാക്കാൻ എല്ലാവർക്കും കഴിയുന്നില്ലെങ്കിൽപോലും,ചെലവുകൾ നിയന്ത്രിക്കാൻ എല്ലാവർക്കും സാധിക്കും എന്ന സൂത്രവാക്യം ആയിരുന്നു പഴയ തലമുറയെ നയിച്ചിരുന്നത്.

ഇക്കാലത്ത് ചെലവുകൾ നിയന്ത്രിക്കണം എന്നു ചിന്തിക്കാൻപോലും അവസരം ലഭിക്കാത്ത വിധം, മനുഷ്യരെ മോഹവലയത്തിലാക്കുന്ന ധാരാളം സാധനസാമഗ്രികളുടെയും, അതു സ്വന്തമാക്കാൻ നമ്മളെ പ്രലോഭിപ്പിക്കുന്ന അനായാസ വായ്പകളുടെയും, കണ്ണഞ്ചിപ്പിക്കുന്ന പരസ്യങ്ങളാണ് ദിവസേന നമ്മുടെ മുന്നിലും പിന്നിലും വന്നു കൊതിപ്പിക്കുന്നത്.



തന്മൂലം തിരിച്ചടവിനു തക്കതായ വരുമാനം ഇല്ലെങ്കിലും, മോഹം തോന്നുന്ന കാര്യങ്ങൾക്കായി കടം വാങ്ങി കടക്കെണിയിൽ അകപ്പെടും. അപ്പോഴാണറിയുന്നത്,സ്വന്തം കിഡ്നിയും കരളും ഹൃദയവും ഒക്കെ പണയത്തിലായി എന്ന്.

ഏതെങ്കിലും ലോട്ടറി അടിച്ചെങ്കിലേ തന്റെ കടബാധ്യതകൾ തീരുകയുള്ളൂ എന്ന അവസ്ഥയിലാണ് ഇന്നുപലരും. എത്ര ലോട്ടറിവില്പനക്കാരാണ് നമുക്കു ചുറ്റും എന്നു നോക്കൂ.

കടം വീട്ടാൻ തക്ക വരുമാനം ഇല്ലാത്തതിനാൽ, ഉള്ള തുച്ഛവരുമാനം ലോട്ടറിയിലും ചൂതുകളിയിലും ഓൺലൈൻ തട്ടിപ്പുകളിലും നഷ്ടപ്പെടുത്തുന്നു. ഒടുവിൽ, എന്തു ചെയ്തും, പെട്ടെന്നു കുറെ പണം ലഭിക്കാനായി, കുറ്റകൃത്യങ്ങളിലോ മയക്കുമരുന്നിലോ ഒക്കെ ഏർപ്പെട്ടു ജീവിതം നശിച്ചവരുടെ കഥകൾ ഇക്കാലത്ത് ഏറിവരുന്നു.

ഉപജീവനത്തിനും സ്റ്റാറ്റസിനും ഉള്ള മാർഗം എന്ന നിലയിലാണ്, ധാരാളം പണം ചെലവഴിച്ചു, കടം വാങ്ങിപ്പോലും, മക്കൾക്ക് ഉന്നതവിദ്യാഭ്യാസം നൽകുന്നത്. പക്ഷേ ഒന്നോർക്കണം, സർട്ടിഫിക്കേറ്റ് ഉള്ളതുകൊണ്ടു മാത്രം കാര്യപ്രാപ്തി ഉണ്ടാവണമെന്നില്ല.

മക്കൾക്ക് ഉപജീവനത്തിനുള്ള വഴി തെളിയുകയും, ഒരു കുടുംബം നടത്താനുള്ള പ്രാപ്തി ആവുകയും ചെയ്യുമ്പോൾ, അവരുടെ വിവാഹം കെങ്കേമമായി നടത്തുക എന്നത് തങ്ങളുടെ ഉത്തരവാദിത്വമായി മാതാപിതാക്കൾ കരുതുന്നു. പക്ഷേ,ആർഭാടത്തിനും, ഷോഓഫിനും, പോരായ്മകൾ മറച്ചുവയ്ക്കാനും മറ്റും വരവിലധികം ചെലവഴിക്കുന്ന പ്രവണത, നമ്മുടെ കുടുംബങ്ങളെ കടക്കെണിയിൽ ആക്കുന്നുണ്ട്.

വിവാഹാഘോഷങ്ങളിലും മറ്റും ഇപ്പോൾ കണ്ടുവരുന്ന ആർഭാടവും നാടകങ്ങളും, അനുകരിച്ചാൽ കൂടുതൽ കടക്കെണിയാകും, അനുകരിച്ചില്ലെങ്കിൽ നമ്മൾ അവരേക്കാൾ മോശക്കാരാകില്ലേ എന്നൊക്കെ ഭയന്നു, വിവാഹമേ വേണ്ട എന്നു ചിന്തിക്കുന്ന ധാരാളം ചെറുപ്പക്കാരുണ്ട് നമുക്കിടയിൽ.

*(ശേഷം 15-ാം പേജിൽ)*



(14-ാം പേജ് തുടർച്ച)

**ആർഭാടമൊന്നും ഇല്ലെങ്കിലും, നിങ്ങൾ ജീവിക്കുന്ന സമൂഹത്തിന്റെ നടപടിക്രമങ്ങൾ പാലിച്ച്, പ്രായപൂർത്തിയായ ഒരു പുരുഷനും ഒരു സ്ത്രീയും ചേർന്ന് ഒരു കുടുംബമായി, അതിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് ജീവിക്കും എന്ന്, ഇരുവരുടെയും ഏറ്റവും വേണ്ടപ്പെട്ടവരുടെ സാന്നിദ്ധ്യത്തിൽ പ്രഖ്യാപിച്ച് രേഖപ്പെടുത്തിയാൽ അവർ ഒരു പുതിയ കുടുംബമായി മാറില്ലേ?**

കുടുംബാംഗങ്ങളുടെ ഐക്യവും സ്നേഹവും പങ്കാളിത്തവുമാണ് നിങ്ങളുടെയും നിങ്ങൾക്കു വേണ്ടപ്പെട്ടവരുടെയും മനസ്സിനു തൃപ്തി നൽകുന്നത്. അതാണ് നിങ്ങളുടെ ജീവിതത്തിന്റെ യഥാർത്ഥ കെട്ടുറപ്പ്. അതു നഷ്ടപ്പെടുത്തി പകരം അസൂയ വളരുന്നത് നിങ്ങളുടെ ആർഭാടങ്ങളും പൊങ്ങച്ച പ്രകടനങ്ങളും വഴിയായിരിക്കും.

പ്രിയപ്പെട്ടവരേ, ഇതൊക്കെ വിലയിരുത്തി നിങ്ങൾതന്നെ തീരുമാനിക്കൂ –

**ജീവിക്കാൻ വേണ്ടി ജോലി ചെയ്യണോ അതോ ജോലി ചെയ്ത് ഇ.എം.ഐ അടയ്ക്കാനായി ജീവിക്കണോ?**

**സ്വന്തം കുടുംബം സൃഷ്ടിക്കണോ അതോ ഒറ്റത്തടിയായി ജീവിക്കണോ?**

**ആർഭാടം വേണോ, അതോ ആവശ്യങ്ങൾ നടത്തണോ?**

### തൊഴിലിനെക്കുറിച്ച് എന്റെ അനുഭവം

1977 ൽ പത്തൊമ്പതാമത്തെ വയസ്സിൽ ഇന്ത്യൻ എയർഫോഴ്സിൽ എനിക്കു ജോലി ലഭിച്ചു. എനിക്കു ജോലി ചെയ്യാൻ അവസരം ലഭിച്ചയിടം, എന്റെ എല്ലാ കഴിവുകളും ഉപയോഗിച്ച് എത്രയും മെച്ചപ്പെട്ടതാക്കണം എന്ന ചിന്തയിൽ, എന്നോട് ആവശ്യപ്പെട്ടതിലും കൂടുതൽ കാര്യങ്ങൾ ഉത്സാഹത്തോടെ എന്നാലാവുന്ന വിധം ഞാൻ ചെയ്തുകൊണ്ടിരുന്നു. അതു ശ്രദ്ധിച്ച മേലധികാരികൾ കൂടുതൽ ഉത്തരവാദിത്വപ്പെട്ട ജോലികളും, അതുവരെ പരീക്ഷിച്ചിട്ടുപോലുമില്ലാത്ത കാര്യങ്ങളും നടത്തിയെടുക്കാൻ എന്നെ ഏല്പിച്ചു. ജോലിസ്ഥലത്ത് എനിക്ക് എന്റേതായ ഒരു പ്രത്യേക സ്ഥാനവും വിലയും ലഭിക്കാൻ അതിടയാക്കി.

അതുവഴി ഞാൻ പഠിച്ചു, ജോലി എന്നത്, എനിക്കു ജീവിക്കാനവസരം തന്ന ഈ പ്രപഞ്ചത്തിനും, സമൂഹത്തിനും, സഹജീവികൾക്കും, എന്റെ കഴിവും സിദ്ധികളും കൊണ്ട് കൊടുക്കാൻ സാധിക്കുന്ന പ്രയോജനങ്ങൾ ഞാൻ കൊടുത്തുകൊണ്ടിരുന്നാൽ, ഒരു ഉപജീവനമാർഗത്തിനുമപ്പുറം, എനിക്ക്, എന്നോടുതന്നെ വിലയും മതിപ്പും തോന്നുവാനും, സന്തോഷം കണ്ടെത്താനുമുള്ള ഉപാധിയാക്കി എന്റെ തൊഴിലിനെ മാറ്റാൻ സാധിക്കും എന്ന്.

അതങ്ങനെയാക്കി രൂപപ്പെടുത്താൻ ധാരാളം അദ്ധ്വാനവും ബുദ്ധിമുട്ടുകളും, ക്ളേശങ്ങളും സഹിക്കേണ്ടി വന്നേക്കാം. പക്ഷേ ഓർക്കുക –

**ഗോതമ്പു പൊടിഞ്ഞിട്ടും, മുന്തിരി പിഴിഞ്ഞിട്ടും മാത്രമേ, അവ അപ്പവും വീഞ്ഞും ആയി മാറുന്നുള്ളു.**

## തട്ടിപ്പിനിരയാകാതെ ശ്രദ്ധിക്കുക

**ഏതെങ്കിലും സ്ഥാപനങ്ങളുടെ പേരും പറഞ്ഞ്, അവരുടെ സേവനം വാഗ്ദാനം ചെയ്തു വീടുകളിൽ വരുന്നവർക്ക്, പണം കൊടുക്കും മുമ്പ് പ്രത്യേകം ശ്രദ്ധിക്കുക! ബന്ധപ്പെട്ട സ്ഥാപനത്തിൽ ഫോൺ ചെയ്ത് അവരുടെ ആൾ തന്നെയാണോ വന്നിരിക്കുന്നത് എന്നന്വേഷിക്കണം. വന്ന ആളുടെ ഫോൺ നമ്പർ വാങ്ങി ആ നമ്പരിലേക്ക് വിളിച്ചും ക്രോസ് ചെക്ക് ചെയ്യണം. അന്വേഷണം തൃപ്തികരമാണെങ്കിൽ, സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പണം അയയ്ക്കാൻ ശ്രമിക്കുക. പ്രായമായ മാതാപിതാക്കളെ ഇക്കാര്യം പറഞ്ഞ് ധരിപ്പിക്കണം.**

**സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട.**

**ബെത്‌ലെഹമിന് ഏജന്റുമാരില്ല.**

**വീടുകളിൽ വന്ന് സേവനം നൽകാനോ, പണം ചോദിക്കാനോ ആരേയും നിയോഗിച്ചിട്ടില്ല.**


ബെത്‌ലെഹം മാട്രിമോണിയൽ
പുതിയ ഗ്രന്ഥം
ഇതു പഠിക്കാതെ
വിവാഹം ചെയ്യരുത്!




നിങ്ങൾ ആരെ വിവാഹം ചെയ്യണം? വായിക്കൂ...
നിങ്ങളുടെ കോപ്പികൾക്ക് ബന്ധപ്പെടുക
62826 62458
92493 92518
View Book

ബെത്‌ലെഹം മാട്രിമോണിയൽ
YouTube Channel
GEORGE UNCLE
Playlist Behaviour and Beyond
A series on life and people's behaviour!
View Channel


George Uncle Season - 2
സഹജീവികളുടെ സ്വഭാവവിശേഷങ്ങൾ


George Uncle Season - 2
വിശ്വാസം TRUST, FAITH, BELIEF
അതാണ് എല്ലാം !


George Uncle Season – 2
എന്തിനാ കല്യാണം കഴിക്കുന്നത്?


George Uncle Season - 2
പ്രണയവിവാഹം വിജയിക്കുമോ?

and more in Bethlehem YouTube Channel | GEORGE UNCLE SUBSCRIBE

വിവാഹാലോചനകൾക്ക് ഒരു പുത്തൻ സംസ്കാരം
ബെത്‌ലെഹം മാട്രിമോണിയൽ
Bethlehem Center for Research and Family Development,
Kaloor, Kochi-17 73069 99539, 92493 92518

Deepanalam Weekly
RNI No : 16998/68
Vol. 58 No. 43 Date of Publication 1 January 2026
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org